# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




ദനഹാക്കാലം ആറാം വെള്ളി – സുറിയാനി സഭാപിതാക്കന്മാർ

Vol. LXXV February 2025 No. 2



വിമലഗിരി പള്ളിയുടെ പ്ലാറ്റിനം ജൂബിലിസമാപനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.



യു.ജി.സി. റഗുലേഷൻസ് 2025 കരടുരേഖ വിശകലനം
ചെയ്യുന്നതിനായി സീറോ മലബാർ സിനഡിന്റെ
വിദ്യാഭ്യാസത്തിനായുള്ള കമ്മീഷൻ സംഘടിപ്പിച്ച സിമ്പോസിയം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.



പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചുനടന്ന
വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വാർഷികയോഗം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്  ഉദ്ഘാടനം ചെയ്യുന്നു.




പ്രവാസി അപ്പോസ്തലേറ്റ് അംഗങ്ങൾക്കായി ആരംഭിച്ച
പ്രിവിലേജ് കാർഡ് പദ്ധതിയുടെ പ്രകാശനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്  നിർവഹിച്ചു.



ളാലം സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ നടന്ന
76–ാമത് കുടുംബക്കൂട്ടായ്മാവാർഷികം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്  ഉദ്ഘാടനം ചെയ്യുന്നു.

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# മൂന്നാനി പള്ളി










"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**FEBRUARY 2025**
**Vol. LXXV No. 2**

# CONTENTS

സർക്കുലർ ........................................................................ 83

സർക്കുലർ ........................................................................ 89

അറിയിപ്പ് ........................................................................ 92

വാർത്തകൾ ........................................................................ 95

അഭിവന്ദ്യപിതാവിന്റെ ഡയറി ................................................ 125

No. 4080/K-5/KCBC/OL/DS 22.01.2025

## 2025 ഫെബ്രുവരി 09
## തിരുബാലസഖ്യദിനം

### കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽനിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമികവികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുത

ലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധമറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരാനുള്ള മാതാപിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്നു മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്കു വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവയിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ ആനന്ദം 260).

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൾ മക്കൾക്കു നൽകണം. മതബോധനക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോമുമ്പേ അപ്പനും അമ്മയും വാക്കും പ്രവൃത്തിയുംവഴി വിശ്വാസം അവരോടു പ്രഖ്യാപിക്കുന്നുണ്ട്! കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായകവ്യക്തികളാണ് മാതാപിതാക്കൾ. മാതാപിതാക്കൾ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർഥനകൾ പറഞ്ഞുകൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർഥ ഇടയന്മാരായി പ്രവർത്തിക്കുകയാണു ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്കു ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവമാതൃകയായി അതു സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പാ സൂചിപ്പിക്കുന്നതുപോലെ 'യേശുവിനോ കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കാൻ അമ്മമാർ തങ്ങളുടെ

കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്! ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർഥനാലയമാകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നതു തീർച്ചയാണ്.

ഇന്നത്തെ സാമൂഹികസാംസ്കാരികസാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിനു ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. ജനറേഷൻ ബീറ്റാ തലമുറയുടെ കാലഘട്ടമാണ് ഇനി. 2025 നും 2039 നും ഇടയിൽ ജനിക്കുന്ന കുട്ടികൾ ജനറേഷൻ ബീറ്റാ തലമുറയെന്നാണ് അറിയപ്പെടുന്നത്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണംനോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണു നിർമിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെത്തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകന്മാർ നമുക്കു ചുറ്റും ഉണ്ടെന്നു തിരിച്ചറിയുന്നതു നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെയിടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അതു വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗികവൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

അതോടൊപ്പം അസഹിഷ്ണുതയും സാമുദായികസ്പർധയും വർഗീയവാദവും തീവ്രവാദവുമൊക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തിപ്രാപിക്കുകയാണ്. പ്രണയം നടിച്ചു പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലകളിലേക്കും കുട്ടികളെയും യുവതീ യുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെപ്പിടിക്കാനും ക്രിസ്തുചൈതന്യ ത്തിൽ വളരാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ മാതാപിതാക്കളും അവരോടുചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാന പൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കാൻ വൈദികരും സന്ന്യസ്തരും മറ്റ് ആധ്യാത്മികഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീ ശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരു സ്സഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസ പൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീ കരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിതശ്രമ ങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്കു ശരിയായ മൂല്യബോധവും വിശ്വാസപരിശീല നവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധകന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മികസംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്താൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ചു നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസ സത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളേ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യാ, മിഷൻപ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽപോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞുമിഷനറി'യുടെ ഓർമയിൽ സ്നേഹമാണ് ആദ്യപ്രേഷിതമാർഗമെന്ന തിരിച്ചറിവിൽ നമുക്കു വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പാ ഊന്നിപ്പറയുന്നതുപോലെ, നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചാസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ, പ്രിയസഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു

നിലപാടു സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്കു പ്രതിജ്ഞ ചെയ്യാം. പീഠത്തിനു മുകളിലെ പ്രകാശ ഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടെ,

**ആർച്ചുബിഷപ് മാർ തോമസ് തറയിൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് മാത്യൂസ് മാർ പോളികാർപ്പസ്**
വൈസ് ചെയർമാൻ കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് പീറ്റർ അബിർ ആന്റണിസ്വാമി**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യലയം
പി.ഒ.സി., കൊച്ചി - 682 025

---

NB: 2025 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായച്ചു വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി 26-ാം സംസ്ഥാനസമ്മേളനത്തിന്റെ ഭാഗമായി നൽകുന്ന പ്രത്യേക സർക്കുലർ

വന്ദ്യവൈദികരേ, സന്ന്യസ്തരേ, മിശിഹായിൽ പ്രിയ വിശ്വാസികളേ,

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം, ലൂർദ് ഫൊറോനാപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് മദ്യ-ലഹരിവിരുദ്ധസമ്മേളനവും യുവജനസെമിനാറും സംയുക്തമായി നടത്തുകയാണ്. കേരളത്തിൽ യുവതീയുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ സമാനതകളില്ലാതെ വർധിച്ചുവരുന്ന രാസലഹരിയുടെ ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ വിപത്തിനെപ്പറ്റിയുള്ള ബോധവത്കരണമാണ് ഈ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

മയക്കുമരുന്നിന്റെ വൻവിപണിയായി കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്ത് ലഹരിക്കേസുകൾ കുതിച്ചുയരുകയാണ്. നമ്മുടെ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ബസ് സ്റ്റാൻഡുകൾ, സ്കൂൾപരിസരങ്ങൾ തുടങ്ങി ഗ്രാമപ്രദേശങ്ങൾവരെ ഇന്ന് ലഹരിയുടെ തുരുത്തായിത്തീർന്നിരിക്കുന്ന ഭയാനകകാഴ്ചയാണ് നാം കാണുന്നത്. കുടുംബങ്ങളുടെ അകത്തളങ്ങളും സുരക്ഷിതമല്ല. യുവതലമുറയെ ദോഷകരമായി ബാധിക്കുന്ന മദ്യ-മയക്കുമരുന്നുപയോഗത്തിനെതിരേ സമൂഹമനസ്സാക്ഷി ഉണരണം. ലഹരിവിരുദ്ധബോധവൽക്കരണത്തിനായി സർക്കാർ കോടികൾ ചെലവഴിച്ചിട്ടും വിമുക്തി പ്രാപിക്കാതെ കേരളം തേങ്ങുകയാണ്. ലഹരിക്കടിമപ്പെട്ടു കൊടുംക്രിമിനലുകളാകുന്നവരുടെയും ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം ഓരോ ദിവസവും വർധിച്ചു വരുന്നു. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളും മറ്റു സംവിധാനങ്ങളും ഇതിനെതിരേ കർമപദ്ധതികൾ ആവിഷ്കരിക്കണം. സർക്കാർ സാമ്പത്തികസ്രോതസ്സായി കരുതി കൂടുതൽ മദ്യശാലകൾ തുറന്നും, ബിവറേജ് ഔട്ട്‌ലെറ്റുകളുടെ എണ്ണം വർധിപ്പിച്ചും ഐ.ടി. പാർക്കുകളിൽ പബ്ബുകൾ

സ്ഥാപിച്ചും പുതിയ മദ്യോത്പാദനകേന്ദ്രങ്ങൾക്ക് അനുമതി നൽകിയും മുന്നേറുമ്പോൾ, സമൂഹം ഒറ്റക്കെട്ടായി ഈ സാമൂഹികവിപത്തിനെതിരേ പോരാടണം.

ഈ പശ്ചാത്തലത്തിൽ 2025 ഫെബ്രുവരി 26 ന് (ബുധ നാഴ്ച) കോട്ടയം, ലൂർദ് ഫൊറോനപ്പള്ളി ഓഡിറ്റോറിയ ത്തിൽവച്ചു നടത്തുന്ന മദ്യവിരുദ്ധസമ്മേളനത്തിന്റെ പ്രസക്തി വളരെ വലുതാണ്. കേരളത്തിലെ 32 രൂപതകളിൽനിന്നുള്ള മദ്യവിരുദ്ധപ്രവർത്തകരും യുവതീയുവാക്കളും ഈ സമ്മേളന ത്തിൽ പങ്കുചേരണം. കോട്ടയംപട്ടണത്തോടടുത്തുള്ള അതി രൂപത-രൂപതകളിൽനിന്നു സാധിക്കുന്ന എല്ലാവരും പ്രസ്തുത സെമിനാറിലും സമ്മേളനത്തിലും വന്നു സംബന്ധിക്കണമെന്ന് അഭ്യർഥിക്കുന്നു. 26-ാം തീയതി രാവിലെ 9 ന് ആരംഭിക്കുന്ന സമ്മേളനം വൈകുന്നേരം 4 ന് സമാപിക്കുന്നതാണ്. ആർച്ചു ബിഷപ് മാർ തോമസ് തറയിൽ, അഭിവന്ദ്യ മാർ ജോസഫ് പുളിക്കൽ, പ്രതിപക്ഷനേതാവ് ശ്രീ വി.ഡി. സതീശൻ, ശ്രീ മേജർ രവി, വന്ദ്യപിതാക്കന്മാർ, സാമൂഹികരാഷ്ട്രീയ നേതാ ക്കന്മാർ തുടങ്ങിയവർ സമ്മേളനത്തിന്റെ മുഖ്യാതിഥികളായി രിക്കും. സഭയും സമൂഹവും അഭിമുഖീകരിക്കുന്ന ഈ വിഷയ ത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പരമാവധി ആളുകളെ ഈ സമ്മേളന ത്തിൽ പങ്കെടുപ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

എന്ന്,

മിശിഹായിൽ സ്നേഹപൂർവ്വം,

ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്

ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ.

ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ

വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധകമ്മീഷൻ

ബിഷപ് ക്രിസ്തുദാസ്

വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധകമ്മീഷൻ

*N. B. അന്വേഷണങ്ങൾക്ക് ബന്ധപ്പെടാനുള്ള നമ്പർ:*

റവ. ഫാദർ ജോൺ അരീക്കൽ - 9447022347

ശ്രീ പ്രസാദ് കുരുവിള - 9446084464

## അറിയിപ്പുകൾ

### സംഭാവനശേഖരണം

തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് 2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ പിരിവു നടത്തുകയും കിട്ടുന്ന തുക മാർച്ച് 30 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യണം.

മദ്യവിരുദ്ധഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രത്തിൽ 2025 ഏപ്രിൽ 30 നു മുമ്പായി ഏൽപ്പിക്കണം.

വിശപ്പിനും രോഗത്തിനുമെതിരേ നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും പിരിവ് നടത്തുകയും കിട്ടുന്ന തുക ഏപ്രിൽ 30 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യണം.

# അറിയിപ്പ്

പ്രിയ ബഹു. അച്ചന്മാരേ, സഹോദരീസഹോദരന്മാരേ,

2024 ഡിസംബർ 5-ാം തീയതി കൂടിയ കേരള കത്തോലിക്കാമെത്രാൻസമിതിയുടെ തീരുമാനപ്രകാരം 2025 ഏപ്രിൽ ഒന്നാം തീയതി മുതൽ പരിശുദ്ധ കുർബാനയുടെ ധർമം പരിഷ്കരിക്കുകയാണ്.

| | | |
|---|---|---|
| 1. | സാധാരണ കുർബാന | 150.00 രൂപ |
| 2. | ആഘോഷമായ കുർബാന | 300.00 രൂപ |
| 3. | റാസ | 2500.00 രൂപ |
| 4. | ഗ്രിഗോറിയൻ കുർബാന | 7500.00 രൂപ |
| 5. | നിത്യക്കുർബാന | |
| | സാധാരണ കുർബാന | 15000.00 രൂപ |
| | ആഘോഷമായ കുർബാന | 20000.00 രൂപ |
| | റാസ | 35000.00 രൂപ |
| 6. | ചെറിയ ഒപ്പീസ് | |
| | പള്ളിയിൽ | 30.00 രൂപ |
| | സിമിത്തേരിയിൽ | 50.00 രൂപ |

2025 ഏപ്രിൽ ഒന്നുമുതൽ മേൽവിവരിച്ചപ്രകാരമാണ് ധർമം സ്വീകരിക്കേണ്ടത്. പഴയനിരക്കിൽ സ്വീകരിച്ച അധിക കുർബാനനിയോഗങ്ങൾ കൈവശമുള്ളവർ മാർച്ച് 31 ന് മുമ്പായി രൂപത ചാൻസലറെ ഏല്പിക്കേണ്ടതാണ്.

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ,

## പുതുക്കിയ കുർബാനധർമ്മം

| | | |
|---|---|---|
| **I.** | **സാധാരണ കുർബാന** | 150.00 രൂപ |
| **II.** | **ആഘോഷമായ കുർബാന** | 300.00 രൂപ |
| | കാർമ്മികൻ | 170.00 രൂപ |
| | തിരിപ്പണം | 30.00 രൂപ |
| | ദൈവാലയശുശ്രൂഷി | 50.00 രൂപ |
| | പാട്ടുകാർ | 50.00 രൂപ |
| **III.** | **റാസക്കുർബാന** | 2500.00 രൂപ |
| | കാർമ്മികൻ | 500.00 രൂപ |
| | ആർച്ച്ഡീക്കൻ | 350.00 രൂപ |
| | സഹായികൾ (3) | 750.00 രൂപ |
| | തിരിപ്പണം | 100.00 രൂപ |
| | ദൈവാലയശുശ്രൂഷി | 200.00 രൂപ |
| | പാട്ടുകാർ | 600.00 രൂപ |
| **IV.** | **ഗ്രിഗോറിയൻ കുർബാന** | 7500.00 രൂപ |
| **V.** | **നിത്യക്കുർബാന** | |
| | സാധാരണ കുർബാന | 15000.00 രൂപ |
| | ആഘോഷമായ കുർബാന | 20000.00 രൂപ |
| | റാസക്കുർബാന | 35000.00 രൂപ |
| **VI.** | **ചെറിയ ഒപ്പീസ്** | |
| | പള്ളിയിൽ | 30.00 രൂപ |
| | കാർമ്മികൻ | 15.00 രൂപ |
| | തിരിപ്പണം | 5.00 രൂപ |
| | ദൈവാലയശുശ്രൂഷി | 10.00 രൂപ |
| | **സിമിത്തേരിയിൽ** | 50.00 രൂപ |
| | കാർമ്മികൻ | 25.00 രൂപ |
| | തിരിപ്പണം | 10.00 രൂപ |
| | ദൈവാലയശുശ്രൂഷി | 15.00 രൂപ |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | ആലീസ്, കുടക്കച്ചിറ | 34,686.00 | |
| 2 | റോസമ്മ, മുണ്ടാങ്കൽ | 30,343.00 | |
| 3 | റോസിലി, കിഴപറയാർ | 30,000.00 | |
| 4 | മേരി, പൈങ്കുളം | 15,000.00 | |
| 5 | സംഗീത മണി, പൈക | 50,000.00 | |
| 6 | ലൂയിസ്, കയ്യൂർ | 32,909.00 | |
| 7 | വിലാസിനി, വയലാ | 34,953.00 | |
| 8 | അലക്സ്, കരൂർ | 31,504.00 | |
| 9 | ജോജി, മുട്ടുചിറ | 40,000.00 | |
| 10 | സിസി, മുട്ടുചിറ | 40,000.00 | |
| 11 | രജനി, മുട്ടുചിറ | 40,000.00 | |
| 12 | ജെസി ബാബു, കുറവിലങ്ങാട് | | 32,000.00 |
| 13 | മേരിയമ്മ, കുറവിലങ്ങാട് | | 46,105.00 |
| 14 | വിനോദ് കുമാർ, കുറവിലങ്ങാട് | | 62,000.00 |
| 15 | ജോബി, കുറവിലങ്ങാട് | | 63,100.00 |
| 16 | സിബി, കുറവിലങ്ങാട് | | 45,206.00 |
| 17 | ഐസക്, കുറവിലങ്ങാട് | | 24,415.00 |
| 18 | ജോസഫ്, കുറവിലങ്ങാട് | | 44,480.00 |
| 19 | തങ്കച്ചൻ, കുറവിലങ്ങാട് | | 50,000.00 |
| 20 | രാജു, കുറവിലങ്ങാട് | | 59,053.00 |
| 21 | ഏലിയാമ്മ, കുറവിലങ്ങാട് | | 48,180.00 |
| 22 | മേരി, കുറവിലങ്ങാട് | | 70,258.00 |
| 23 | ബേബി, കുറവിലങ്ങാട് | | 44,000.00 |
| 24 | ഏലിയാമ്മ, കുറവിലങ്ങാട് | | 48,000.00 |
| 25 | വർക്കി, കുറവിലങ്ങാട് | | 49,500.00 |
| 26 | ത്രേസ്യാമ്മ, കുറവിലങ്ങാട് | | 71,630.00 |
| 27 | ബന്നി, കുറവിലങ്ങാട് | | 45,100.00 |
| 28 | ജോർജ്, കുറവിലങ്ങാട് | | 49,510.00 |
| 29 | സോളി, കുറവിലങ്ങാട് | | 50,475.00 |
| 30 | ചാക്കോ, കുറവിലങ്ങാട് | | 50,000.00 |
| 31 | ഷാജി, കുറവിലങ്ങാട് | | 48,000.00 |
| 32 | മോളി, കുറവിലങ്ങാട് | | 50,000.00 |
| 33 | എൽസമ്മ, കുറവിലങ്ങാട് | | 47,000.00 |
| 34 | സാലമ്മ, കുറവിലങ്ങാട് | | 49,704.00 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**സംസ്ഥാനത്തെ ആദ്യ കാർട്ടിലേജ് - ബോൺ കോംപ്ലക്സ് ട്രാൻസ്പ്ലാന്റ് മാർ സ്ലീവാ മെഡിസിറ്റിയിൽ**

അപകടത്തിൽ കാൽ മുറിച്ചുമാറ്റേണ്ടിവന്ന യുവാവിന്റെ കാർട്ടിലേജ് - ബോൺ കോംപ്ലക്സ് 23 കാരന്റെ കാൽമുട്ടിലേക്കു മാറ്റിസ്ഥാപിച്ച് അവയവമാറ്റ ശസ്ത്രക്രിയാരംഗത്ത് മാർ സ്ലീവാ മെഡിസിറ്റി പുതിയചരിത്രം കുറിച്ചു. മറ്റ് അവയവമാറ്റശസ്ത്രക്രിയകൾക്കു പുറമേ കാർട്ടിലേജ്-ബോണും മാറ്റി സ്ഥാപിക്കാമെന്ന പുതിയ വിപ്ലവത്തിനാണ് ഇതോടെ തുടക്കമായത്. നൂതനമായ എഫ്.ഒ.സി.എ.ടി (ഫ്രഷ് ഓസ്റ്റിയോ കോൺട്രൽ അല്ലോഗ്രാഫ്റ്റ് ട്രാൻസ്പ്ലാന്റേഷൻ) എന്ന ശസ്ത്രക്രിയ മാർ സ്ലീവാ മെഡിസിറ്റിയിലെ ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബിയുടെ നേതൃത്വത്തിലാണു വിജയകരമായി നടത്തിയത്. കായംകുളം സ്വദേശിയായ യുവാവിനാണ് വാഹനാപകടത്തിൽ കാൽമുട്ടിനുള്ളിലെ കാർട്ടിലേജും അസ്ഥിയും നഷ്ടപ്പെട്ടത്. മുട്ടിലുണ്ടായ ഗുരുതരമുറിവിലൂടെ കാർട്ടിലേജും അസ്ഥിയും അടർന്ന് റോഡിൽ നഷ്ടപ്പെടുകയായിരുന്നു. ചെങ്ങന്നൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രാഥമിക

ശസ്ത്രക്രിയയ്ക്കുശേഷം ഇടുപ്പിലെ ഗുരുതരമായ അസിറ്റാബുലർ ഫ്രാക്ചറിന്റെ ചികിത്സയ്ക്കായി മാർ സ്ലീവാ മെഡിസിറ്റിയിലേക്കു മാറ്റുകയായിരുന്നു. തുടർന്ന് വിദഗ്ധപരിശോധനയിലാണ് തുടയെല്ലിന്റെ താഴെ മുട്ടിനുള്ളിൽ ഭാരം താങ്ങുന്ന ഭാഗത്ത് അസ്ഥിയും തരുണാസ്ഥിയും നഷ്ടപ്പെട്ടതായി കണ്ടെത്തിയത്. മുട്ടിലെ അസ്ഥിയിലെ വലിയ വിടവുമൂലം യുവാവിന് ഭാരം താങ്ങി നടക്കാൻ സാധിക്കില്ലാത്തതിനാൽ കൃത്രിമസന്ധി ഘടിപ്പിക്കുകയോ അല്ലെങ്കിൽ അവയവമാറ്റത്തിലൂടെ അസ്ഥിയും തരുണാസ്ഥിയും മാറ്റിസ്ഥാപിക്കുകയോ ചെയ്യുക എന്നതുമാത്രമായിരുന്നു മാർഗങ്ങൾ. ചെറുപ്പക്കാരിൽ കൃത്രിമസന്ധി വച്ചുപിടിപ്പിക്കുന്നതിന്റെ ദൂഷ്യഫലങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ അല്ലോഗ്രാഫ്റ്റിനായി അയൽ സംസ്ഥാനങ്ങളിലെ ടിഷ്യൂബാങ്കുകളിൽ തുടർന്ന് അപേക്ഷ സമർപ്പിക്കുകയായിരുന്നു. ഇതിനിടെ മംഗലാപുരത്തുണ്ടായ അപകടത്തിൽ ഗുരുതരപരുക്കേറ്റ് മുട്ടിനു മുകളിൽ വച്ചു കാൽ മുറിച്ചുമാറ്റേണ്ടിവന്ന യുവാവിന്റെ ബന്ധുക്കൾ അസ്ഥി ദാനം ചെയ്യാൻ സമ്മതം അറിയിച്ചു. ഉടൻതന്നെ മംഗലാപുരം കെ.എസ്.ഹെഗ്ഡെ മെഡിക്കൽ കോളജിൽ ഡോ. വിക്രം ഷെട്ടിയുടെ നേതൃത്വത്തിൽ കാൽമുട്ടിന്റെ ഭാഗം അവയവദാനത്തിനായി നീക്കം ചെയ്യാൻ തീരുമാനിച്ചു. തുടർന്ന് മൈനസ് 80 ഡിഗ്രി താപനിലയിൽ പ്രത്യേകം ശീതീകരിച്ച പെട്ടിയിൽ ട്രെയിൻ മാർഗമാണ് കോട്ടയത്ത് അവയവം എത്തിച്ചത്. പുലർച്ചെ അഞ്ചുമണിയോടെ ആശുപത്രിയിൽ അവയവം എത്തിച്ച ഉടൻ ഡോ. രാജീവ് പി.ബിയുടെ നേതൃത്വത്തിൽ ശസ്ത്രക്രിയ ആരംഭിച്ചു. അനസ്തേഷ്യവിഭാഗം കൺസൾട്ടന്റ് ഡോ. സേവ്യർ ജോൺ, ഓർത്തോപീഡിക്സ് വിഭാഗത്തിലെ ഡോ. അഭിരാം കൃഷ്ണൻ, ഡോ. ശരത് എസ്.സി. എന്നിവരും ശസ്ത്രക്രിയ ടീമിന്റെ ഭാഗമായി. മൂന്നു മണിക്കൂർ നീണ്ട ശസ്ത്രക്രിയയിലൂടെ കാർട്ടിലേജ് – ബോൺ കോംപ്ലക്സ് മാറ്റിസ്ഥാപിച്ചു. സുഖം പ്രാപിച്ച യുവാവ് വീട്ടിലേക്കു മടങ്ങി.

**സൗജന്യ പക്ഷാഘാത ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ പിതൃവേദിയുമായി സഹകരിച്ച് സൗജന്യ പക്ഷാഘാത ബോധവത്കരണക്ലാസ്സുകൾ നടത്തി. കൂട്ടിക്കൽ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.സരീഷ് കുമാർ എം.കെ, മൂന്നിലവ് സെന്റ് മേരീസ് പള്ളിയിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസി ജെ. വള്ളിപ്പാലം, അറുനൂറ്റിമംഗലം സെന്റ് തോമസ് പള്ളിയിൽ എമർജൻസി മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ. ശ്രീജിത്ത് ആർ.നായർ, ചെമ്മലമറ്റം പന്ത്രണ്ടു ശ്ലീഹന്മാരുടെ പള്ളിയിൽ ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. വിജയ്കുമാർ മേനോൻ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണക്ലാസ്സ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പൊൻകുന്നം ഗവ.വി.എച്ച്.എസ്.എസിൽ എൻ.എസ്.എസ് ക്യാമ്പിലെ വിദ്യാർഥികൾക്കായി പോഷകാഹാര

ങ്ങൾ എന്ന വിഷയത്തിൽ ബോധവത്കരണക്ലാസ്സ് നടത്തി. പീഡിയാട്രിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജിസ് തോമസ് നേതൃത്വം നൽകി.

**സൗജന്യ നാച്ചുറോപ്പതി മെഡിക്കൽ ക്യാമ്പ് തൊടുപുഴയിൽ**

മാർ സ്ലീവാ മെഡിസിറ്റി ആയുഷ് വിഭാഗത്തിന്റെ നേതൃത്വത്തിൽ തൊടുപുഴ പ്രത്യങ്കര വാട്ടർ പ്യൂരിഫെയർ പ്രൈവറ്റ് ലിമിറ്റഡുമായിചേർന്ന് സൗജന്യ നാച്ചുറോപ്പതി മെഡിക്കൽ ക്യാമ്പ് നടത്തി. നാച്ചുറോപ്പതി കൺസൾട്ടന്റ് ഡോ. വിഷ്ണുമോഹൻ നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു.**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ സ്കൂളുകളിൽ സൗജന്യ ബോധവത്കരണക്ലാസ്സുകൾ നടത്തി. ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂൾ, കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ, ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂൾ, മണിയംകാവ് സെന്റ് ജോസഫ് യു.പി. സ്കൂൾ, മൂലമറ്റം സെന്റ് ജോർജ് യു.പി സ്കൂൾ, രാമപുരം സെന്റ് അഗസ്റ്റിൻ ഹയർ സെക്കൻഡറി സ്കൂൾ, പ്ലാശനാൽ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ, തീക്കോയി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ, കുറവിലങ്ങാട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലാണ് സെമിനാറുകൾ സംഘടിപ്പിച്ചത്. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.എയ്ഞ്ചൽ തോമസ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത്, റെമഡിയൽ തെറാപ്പിസ്റ്റ് ലയമോൾ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ മാതൃവേദിയുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും നടത്തി. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി, കുന്നോന്നി സെന്റ് ജോസഫ് പള്ളി, പാദുവ സെന്റ് ആന്റണീസ് ചർച്ച് എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ നടന്നത്. ക്യാമ്പിൽ നിന്നു തിരഞ്ഞെടുത്തവർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് സൗജന്യ മാമ്മോഗ്രാം പരിശോധനയും ചെയ്തു നൽകി. ഓങ്കോളജിവിഭാഗം അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ.സോൻസ് പോൾ, ഡോ.രവിശങ്കർ ടി.ആർ എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ വൈദ്യസഹായം നൽകി**

സെന്റ് തോമസ് കോളജിൽ നടക്കുന്ന പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ഭാഗമായുള്ള വിവിധ പരിപാടികൾക്കും, വിവിധ സംഘടനകൾ ചേർന്നു നടത്തിയ പാലാ മാരത്തോണിനും മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായം ഒരുക്കി നൽകി.

**കെ.ജി.എം.ഒ.എ സംസ്ഥാനസമ്മേളനത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്രബന്ധാവതരണം നടത്തി**

കുമരകത്തു നടന്ന കെ.ജി.എം.ഒ.എ. സംസ്ഥാനസമ്മേളനത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ വിവിധ വിഭാഗങ്ങളുടെ നേതൃത്വത്തിൽ പ്രബന്ധാവതരണം നടത്തി. എമർജൻസി വിഭാഗം മേധാവി ഡോ. ശ്രീജിത്ത് ആർ. നായർ, ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറിവിഭാഗം മേധാവി ഡോ.സരീഷ്കുമാർ എം.കെ, ന്യൂറോളജി വിഭാഗം മേധാവി ഡോ. അരുൺ ജോർജ് തറയാനിൽ, കൺസൾട്ടന്റ് ഡോ. ജോസി വള്ളിപ്പാലം, ഇന്റർവെൻഷണൽ ന്യൂറോ റേഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസ് പോൾ ലൂക്കാസ്, ക്രിട്ടിക്കൽ കെയർ വിഭാഗം അസോ. കൺസൾട്ടന്റ് ഡോ. ജാസൺ സഖറിയ, പി.എം.ആർ. വിഭാഗം സീനിയർ രജിസ്ട്രാർ ഡോ. അനിറ്റ് കാതറിൻ ചാൾസ്, നെഫ്രോളജി വിഭാഗം മേധാവി ഡോ. മഞ്ജുള രാമചന്ദ്രൻ, യൂറോളജി വിഭാഗം മേധാവി ഡോ. വിജയ് രാധാകൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധാവതരണം നടത്തി.

**സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് – അയ്മനത്ത്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം വൈ.എം.സി.എ, മാർത്തോമ്മാ യുവജനസഖ്യം കോട്ടയം സെന്റർ എന്നിവയുമായി സഹകരിച്ച് അയ്മനം പി. ജോൺ മെമ്മോറിയൽ യു.പി. സ്കൂളിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ രക്തദാനക്യാമ്പ് – ഇലഞ്ഞിയിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സൗജന്യ രക്തദാനക്യാമ്പ് നടത്തി.

**പ്രവാസി അപ്പോസ്തലേറ്റ് അംഗങ്ങൾക്കായി പ്രിവിലേജ് കാർഡ് പദ്ധതി ആരംഭിച്ചു**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടും മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി പ്രവാസി അപ്പോസ്തലേറ്റുമായി സഹകരിച്ച് പ്രവാസികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾക്കു തുടക്കമായി. പ്രവാസികൾക്കുള്ള പ്രിവിലേജ് കാർഡ് പദ്ധതിയുടെ പ്രകാശനം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സാന്നിധ്യത്തിൽ നടത്തി. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കലിൽനിന്ന്പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ പ്രിവിലേജ് കാർഡ് ഏറ്റുവാങ്ങി. പ്രവാസി അപ്പോസ്തലേറ്റ് അസി.കോർഡിനേറ്റർ റവ.ഫാ. മാണി കൊഴുപ്പൻകുറ്റി, നഴ്സിങ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ എന്നിവർ പങ്കെടുത്തു. പദ്ധതിയുടെ ഭാഗമായി പ്രവാസി അപ്പോസ്തലേറ്റിലെ അംഗങ്ങൾക്ക് ഡോക്ടർമാരിൽനിന്നു സെക്കൻഡ് ഒപ്പീനിയൻ സ്വീകരിക്കാനുള്ള സംവിധാനം, പ്രത്യേക ഹോം കെയർ

സേവനങ്ങൾ, ഓൺലൈൻ വെബിനാറുകൾ, ആശുപത്രിയിൽ വ്യക്തിഗത സേവനം, പ്രത്യേക ഹെൽത്ത് ചെക്ക് അപ്പ് തുടങ്ങിയ വിവിധ സേവനങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

മാർ റാഫേൽ തട്ടിൽ (സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്)

മാർ ജോസഫ് പാംപ്ലാനിയിൽ (ആർച്ചുബിഷപ്, തലശ്ശേരി രൂപത)

മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
(സീറോ മലബാർസഭ കൂരിയാ ബിഷപ്)

മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ)

മാർ മാത്യു നെല്ലിക്കുന്നേൽ (ഗോരഖ്പൂർ)

മാർ ജോയി ആലപ്പാട്ട് (ചിക്കാഗോ)

മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൻ )

മാർ ജോസഫ് കൊല്ലംപറമ്പിൽ (സഹായമെത്രാൻ, ഷംഷാബാദ് രൂപത)

**നവവൈദികർ തീർത്ഥാടനകേന്ദ്രത്തിൽ**

പാലാരൂപതയിൽനിന്ന് ഈ വർഷം വൈദികപട്ടം സ്വീകരിച്ച 12 നവവൈദികർ ജനുവരി 4 ന് 5 മണിക്ക് വി. അൽഫോൻസാമ്മയുടെ കബറിടദേവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്നു നടന്ന മെഴുകുതിരി ജപമാലപ്രദക്ഷിണത്തിനും നവവൈദികർ നേതൃത്വം നൽകി.

**ഡീക്കൻ മിനിസ്ട്രി**

വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ മൂന്നു മാസത്തെ ഡീക്കൻ മിനിസ്ട്രിക്കായി അഡോർണോ സഭാംഗമായ ഡീക്കൻ മെൽബിൻ ആലപ്പാട്ടുകുന്നേൽ എത്തിച്ചേർന്നു. ബഹുമാനപ്പെട്ട ഡീക്കന് തീർഥാടനകേന്ദ്രത്തിലേക്കു സ്വാഗതം.

**രോഗിദിനം**

വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ ജനുവരി 10 ന് രോഗിദിനമായി ആചരിച്ചു. രാവിലെ 9.30 ന് ജപമാലപ്രാർഥനയോടെ ആരംഭിച്ച സൗഖ്യആരാധന 11.30 ന്റെ വിശുദ്ധ കുർബാനയോടെ സമാപിച്ചു. രോഗികൾക്ക് കുമ്പസാരിക്കാനുള്ള പ്രത്യേക സൗകര്യവും ഉണ്ടായിരുന്നു. പാദുവാ ഇടവകവികാരി റവ. ഫാ. തോമസ് ഓലായത്തിൽ സൗഖ്യാരാധന നയിച്ചു. ബഹു. റെക്ടർ റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**മേജർ ആർച്ചുബിഷപിന്റെ സന്ദർശനം**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, ആർച്ചുബിഷപ് മാർ ജോസഫ് പാംബ്ലാനി (മേജർ ആർച്ചുബിഷപ്പിന്റെ വികാരി, എറണാകുളം-അങ്കമാലി അതിരൂപത) പിതാവിനോടൊപ്പം ജനുവരി 12 ന് വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനക്കാരായ സഹോദരങ്ങൾക്കുവേണ്ടി നടത്തിവരുന്ന അനുരഞ്ജനശുശ്രൂഷയ്ക്കും വിശുദ്ധ കുർബാനയ്ക്കും ഡിസംബർ 29 ന് റവ. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. നേതൃത്വം നൽകി.

**രാത്രിയാരാധന**

ജനുവരി 25 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ രാത്രിയാരാധന നടത്തി. വൈകിട്ട് 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന പിറ്റേദിവസം രാവിലെ 4 മണിക്ക് വിശുദ്ധ കുർബാനയോടെ സമാപിച്ചു. വചനശുശ്രൂഷയ്ക്ക് റവ. ഫാ. ജിൻസ് ചീങ്കല്ലേൽ HGN നേതൃത്വം നൽകി.

**വിദേശത്തുനിന്നുള്ള തീർത്ഥാടകർ**

ജനുവരിയിൽ വിവിധ വിദേശരാജ്യങ്ങളിൽനിന്നുള്ള അൽഫോൻസാ ഭക്തർ തീർഥാടനകേന്ദ്രം സന്ദർശിച്ചു പ്രാർഥിച്ചു. വിവിധ ദിവസങ്ങളിലായി ജർമൻ, ഫ്രഞ്ച്, ഇംഗ്ലീഷ് ഭാഷകളിൽ വിശുദ്ധ കുർബാനയും അർപ്പിക്കുകയുണ്ടായി.

**സ്കൂൾവിദ്യാർത്ഥികളുടെ സന്ദർശനം**

പത്താം ക്ലാസ്, +2 കുട്ടികളുടെ ഫൈനൽ പരീക്ഷ അടുത്തുവരുന്ന സാഹചര്യത്തിൽ അനേകം സ്കൂളുകളിൽനിന്നുള്ള വിദ്യാർഥികൾ അധ്യാപകരോടൊപ്പം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലെത്തി പ്രാർഥിച്ചു വരുന്നു.

**ജപമാല മെഴുകുതിരിപ്രദക്ഷിണം**

തീർഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തിവരുന്ന ജപമാല മെഴുകുതിരി പ്രദക്ഷിണം ജനുവരി 18 ന് കയ്യൂർ ഇടവകയുടെ നേതൃത്വത്തിൽ നടന്നു.

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ്**

2024-25 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ജനുവരി മാസത്തെ ക്ലാസുകൾ 2,11 തീയതികളിൽ നടന്നു. റവ.ഡോ. ഡൊമിനിക് വെച്ചൂർ ക്ലാസുകൾ നയിച്ചു.

2025 ഫെബ്രുവരി മാസത്തെ ക്ലാസുകൾ:

ഫെബ്രുവരി 8, 26

Church History I : Prof. Dr. James Puliurumbil

**2. തിരുബാലസഖ്യം ക്വിസ്**

2024-25 വർഷത്തെ തിരുബാലസഖ്യം ക്വിസ്മത്സരം 2025 ജനുവരി 5-ാം തീയതി 2 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു. 17 ഫൊറോനകളിൽനിന്ന് 33 കുട്ടികൾ പങ്കെടുത്തു. മത്സരാനന്തരം അന്നേദിവസം എല്ലാവർക്കും സമ്മാനങ്ങൾ നൽകി.

**വിജയികൾ**

I st - ഹന്നാ റോസ് റിക്സൺ വാണിയിടത്ത്, പാലാ കത്തീഡ്രൽ.
IInd - ജിയനാ മേരി മെൽബിൻ കൂനമ്മാക്കൽ, രാമപുരം.
IIIrd - ജൂവൽ ജെയ്സൺ കായാംമാക്കൽ, പാലാ കത്തീഡ്രൽ.
IVth - ശ്രീയ റോസിൻ സുജിത്ത് വെട്ടുകാട്ടിൽ, അരുവിത്തുറ.
Vth - ഇവാനിയ സാബു പുളിക്കിയിൽ, ഇലഞ്ഞി.

പങ്കെടുത്ത ഏവർക്കും അഭിനന്ദനങ്ങൾ!

**3. അധ്യാപകസംഗമം**

മൂന്നാം ക്ലാസ്സിലെ അധ്യാപകസംഗമവും പുസ്തകപരിചയവും 2025 ജനുവരി 19-ാം തീയതി ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. പ്രൊഫ. ഡോ. അലക്സ് കാവുകാട്ട് ക്ളാസ്സുകൾ നയിച്ചു.

**4. മികച്ച വിശ്വാസപരിശീലക അവാർഡ്**

2024-25 പ്രവർത്തനവർഷത്തിലെ മികച്ച വിശ്വാസപരിശീലകനായി ഉരുളികുന്നം സൺഡേസ്കൂൾ അധ്യാപകൻ ശ്രീ സാബു ജോസഫ് മണിക്കൊമ്പേൽ തിരഞ്ഞെടുക്കപ്പെട്ടു.

**5. മികച്ച സൺഡേസ്കൂളുകൾ**

രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേസ്കൂളുകളായി A, B, C വിഭാഗങ്ങളിൽ താഴെപ്പറയുന്ന സൺഡേസ്കൂളുകൾ തിരഞ്ഞെടുക്കപ്പെട്ടു.

| A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|
| I st വാരിയാനിക്കാട് | I st കോതനല്ലൂർ | I st കുറവിലങ്ങാട് |
| IInd വേലനിലം | IInd മേലുകാവുമറ്റം | IInd തിടനാട് |

ഈ സൺഡേസ്കൂളുകളിലെ ബഹുമാനപ്പെട്ട വൈദികർക്കും പ്രഥമാധ്യാപകർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ!

**6. തിരുബാലസഖ്യം - എന്റെ ഡയറി മത്സരം**

എന്റെ ഡയറി മത്സരത്തിൽ 85 കുട്ടികൾ പങ്കെടുത്തു.

**വിജയികൾ**

| | |
|---|---|
| Ist | - ജിയന്ന മേരി മെൽബിൻ കൂനമ്മാക്കൽ, രാമപുരം |
| IInd | - ഫ്രാൻസിസ് ജോസഫ് കോഴിക്കോട്ട്, കാവുംകണ്ടം |
| IIIrd | - തെരേസ് സജി കോയിപ്പുറത്ത്, മേവിട |
| IVth | - അന്ന ലിയ സിനീഷ് നടുപ്പറമ്പിൽ, അരുവിത്തുറ |
| Vth | - എയ്ഞ്ചൽ പ്രതീഷ് പുതനപ്രക്കുന്നേൽ, അടുക്കം |
| Vth | - അമയ അജിൽ അമ്പഴത്തിനാക്കുന്നേൽ, മാവടി |

**7. പ്രതിഭ**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് 2024 ഡിസംബർ 29,30,31 തീയതികളിൽ നടന്ന പന്ത്രണ്ടാം ക്ലാസ്സിലെ പ്രതിഭാസംഗമത്തിൽ പാലാ രൂപത യിൽനിന്നു പങ്കെടുത്ത നൈബിൻ എം. ഷിജിൻ പുത്തൻപുര (കടുത്തുരുത്തി) പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു.

**8. സ്കൂൾ വിശ്വാസ-സന്മാർഗ സ്കോളർഷിപ്പ് പരീക്ഷ**

സ്കൂൾ വിശ്വാസ-സന്മാർഗ സ്കോളർഷിപ്പ് പരീക്ഷ ജനുവരി 11-ാം തീയതി ശനിയാഴ്ച പാലാ സെന്റ് തോമസ് എച്ച്. എസ്, അരുവിത്തുറ സെന്റ് ജോർജ് എച്ച്.എസ്, മൂലമറ്റം സെന്റ്ജോർജ് യു.പി.എസ്, കുറവിലങ്ങാട് സെന്റ് മേരീസ് ജി.എച്ച്.എസ് എന്നീ നാലു സെന്ററുകളിൽവച്ച് പ്രഥമാധ്യാപകരുടെയും, അധ്യാപകരുടെയും സഹകരണത്തോടുകൂടി ഭംഗിയായി നടത്തപ്പെട്ടു.

**9. 2024-25 രൂപത വിശ്വാസപരിശീലനവാർഷികം**

2024-25 വർഷത്തിലെ വിശ്വാസപരിശീലനവാർഷികം 2025 ജനുവരി 26-ാം തീയതി പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ഉച്ചകഴിഞ്ഞ് 2 മണിക്കു നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വിശ്വാസപരിശീലനത്തിൽ 20,40,50 വർഷങ്ങൾ പൂർത്തിയാക്കിയ അധ്യാപകരെ അഭിവന്ദ്യപിതാവ് ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഈ വർഷത്തെ കലാ - സാഹിത്യമത്സരങ്ങളുടെ സമ്മാനങ്ങളും, രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേ സ്കൂളുകൾക്കുള്ള ട്രോഫികൾ, വിവിധ സ്കോളർഷിപ്പുകൾ നേടിയവർക്കുള്ള സമ്മാനങ്ങൾ എന്നിവയും ഈ വാർഷികയോഗത്തിൽവച്ചു നൽകി.

**10. പ്രഥമാധ്യാപകരുടെയും പ്രമോട്ടേഴ്സിന്റെയും സമ്മേളനം**

രൂപതയിലെ പ്രഥമാധ്യാപകരുടെയും പ്രമോട്ടേഴ്സിന്റെയും സംയുക്ത സമ്മേളനം 2025 ജനുവരി 26 -ാം തീയതി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെയുള്ള സമയത്ത് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ടു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെരി. മോൺ. ഡോ. ജോസഫ് തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ 2025 ജനുവരിമാസത്തെ എക്സിക്യൂട്ടീവ് യോഗം ജനുവരിമാസം അഞ്ചാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞു മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽ ചേർന്നു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഡിസംബർ മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ജനുവരിയിൽ നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരണം നൽകുകയും ചെയ്തു.

**രൂപത സെക്രട്ടേറിയറ്റ് യോഗം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ജനുവരിമാസത്തെ സെക്രട്ടേറിയറ്റ് യോഗം ജനുവരി നാലാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു.

**ഓർഗനൈസേഴ്സ് മീറ്റിങ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ഓർഗനൈസേഴ്സ് ടീമിന്റെ യോഗം ജനുവരി 19-ാം തീയതി ഉച്ചകഴിഞ്ഞ് 3:30 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപതയിലെ 17 മേഖലകളിൽനിന്നുള്ള ഡയറക്ടർ, വൈസ് ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജനറൽ ഓർഗനൈസർ എന്നീ ഭാരവാഹികളാണ് ഓർഗനൈസേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തത്.

**മത്സരഫലങ്ങൾ പ്രഖ്യാപിച്ചു**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ നേതൃത്വത്തിൽ നടത്തിയ വിവിധ മത്സരങ്ങളുടെ ഫലങ്ങൾ പ്രഖ്യാപിച്ചു.

**കൈയെഴുത്തുമാസിക**

A വിഭാഗം

| | | |
|---|---|---|
| 1 പറത്താനം | 2. വാരിയാനിക്കാട് | 3.ചൂണ്ടച്ചേരി |

B വിഭാഗം

| | | |
|---|---|---|
| 1. മാൻവെട്ടം | 2. കടപ്ലാമറ്റം | 3. പൈക |

C വിഭാഗം

| | | |
|---|---|---|
| 1. തീക്കോയി | 2. രാമപുരം | 3. പ്രവിത്താനം |

**പോസ്റ്റർനിർമ്മാണം**

A വിഭാഗം

| | | |
|---|---|---|
| 1. വലവൂർ | 2. മലപ്പുറം | 3. അമനകര |

B വിഭാഗം

| | | |
|---|---|---|
| 1. രത്നഗിരി | 2. ളാലം ഓൾഡ് | 3. ഇലഞ്ഞി |

C വിഭാഗം

1. ചേർപ്പുങ്കൽ 2. തീക്കോയി 3. രാമപുരം

**സുകൃതഡയറി**

*5 മുതൽ 8 വരെ ക്ലാസ്സുകൾ*

1. അയോണ മാർട്ടിൻ, വെട്ടുകല്ലേൽ, പെരിങ്ങുളം
2. അൽഫോൻസാ മാത്യു, കുന്നോന്നി
3. അയന തോമസ്, ഉാലം പാലാ

*9 മുതൽ 12 വരെ ക്ലാസ്സുകൾ*

1. മരിയ അലക്സ്, കുന്നോന്നി
2. ജീവൻ ജോൺ തുരുത്തിപ്പള്ളി, വാക്കാട്
3. എയ്ഞ്ചൽ മരിയ, പടിയറ, ചെമ്മലമറ്റം

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിങ്**

ജനുവരി 13 തിങ്കളാഴ്ച രാത്രി 8.30 മുതൽ 9.30 വരെ ഗൂഗിൾ മീറ്റ് വഴി എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. ജനുവരി 18 ന് കുറവിലങ്ങാട് വച്ചു നടക്കാനിരിക്കുന്ന സ്റ്റേറ്റ് കലോത്സവത്തെക്കുറിച്ചു ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു. ഡയറക്ടർ ജോർജ് പുല്ലുകാലായിൽ, അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സ്റ്റേറ്റ് ഡയറക്ടർ ഫാ. ലിജോ ഓടത്തക്കൽ, സ്റ്റേറ്റ് പ്രസിഡന്റ് ബേബി തദേവൂസ് ക്രൂസ്, സ്റ്റേറ്റ് ജനറൽ ഓർഗനൈസർ മനോജ് ചാക്കോ, പ്രസിഡന്റ് ജിജോ മാത്യു, ജനറൽ ഓർഗനൈസർ സോജൻ കെ.ജെ, മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

**കെ.സി.എസ്.എൽ. വാർഷികം**

2024–25 വർഷത്തെ കെ.സി.എസ്.എൽ. വാർഷികം ജനുവരി 17 വെളളിയാഴ്ച ഭരണങ്ങാനം പള്ളി ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10 മണിമുതൽ 12.30 വരെ നടത്തപ്പെട്ടു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് ജിജോ മാത്യു റിപ്പോർട്ട് അവതരണം നടത്തി. ഭരണങ്ങാനം സെന്റ് മേരീസ് എച്ച്.എസ്.എസ്. പ്രിൻസിപ്പൽ ഫാ. ജോൺ കണ്ണന്താനം ആശംസാപ്രസംഗം നടത്തി. എക്സിക്യൂട്ടവ് അംഗം പ്രിറ്റി അഗസ്റ്റിൻ കൃതജ്ഞത അർപ്പിച്ചു. കെ.സി.എസ്.എലിന്റെ ഒരു വർഷത്തെ മത്സരങ്ങളുടെ സമ്മാനവിതരണം അന്നേദിവസം നടത്തപ്പെട്ടു. സാഹിത്യോത്സവം, കലോത്സവം, സ്റ്റഡി സർക്കിൾ എന്നിവയുടെ ഓവറോൾ, രൂപതതലത്തിൽ നടത്തിയ അൽഫോൻസാ കളറിംഗ് മത്സരം എന്നിവയുടെ സമ്മാനങ്ങളാണ് അന്നേദിവസം വിതരണം നടത്തിയത്.

**സ്റ്റേറ്റ് കലോത്സവം**

2024-25 വർഷത്തെ സ്റ്റേറ്റ് കലോത്സവത്തിന് പാലാ രൂപത ആതിഥ്യമരുളി. കുറവിലങ്ങാട് സെന്റ്മേരീസ് എച്ച്.എസ്.എസിൽ വച്ചാണ് മത്സരങ്ങൾ നടത്തിയത്. അറുന്നൂറോളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. സ്റ്റഡി സർക്കിൾ, കെ.സി.എസ്.എൽ. ആന്തം, എൽ.പി. കുട്ടികൾക്കായുള്ള ചിത്രരചന എന്നിവയാണു നടന്നത്. കെ.സി.എസ്.എൽ ആന്തം മത്സരത്തിൽ ഹയർസെക്കൻഡറി, യു.പി. വിഭാഗത്തിൽ പാലാ രൂപത മൂന്നാംസ്ഥാനം കരസ്ഥമാക്കി. എൽ.പി കുട്ടികൾക്കായി നടത്തിയ ചിത്രരചനാമത്സരത്തിൽ കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് എൽ.പി. സ്കൂളിലെ നിധി ജോബിൻ ഒന്നാംസ്ഥാനം കരസ്ഥമാക്കി. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

**ബൈബിൾവാക്യമത്സരം**

ജനുവരി 25 ശനിയാഴ്ച പാലാ അൽഫോൻസാ കോളജിൽ വച്ച് എൽ.പി. വിഭാഗത്തിലെ കുട്ടികൾക്കായി ബൈബിൾവാക്യമത്സരം നടത്തി. ഇരുന്നൂറോളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**കെ.സി.എസ്.എൽ ആന്തം മത്സരം**

ജനുവരി 25 ശനിയാഴ്ച പാലാ അൽഫോൻസാ കോളജിൽ വച്ച് എൽ.പി വിഭാഗത്തിലെ കുട്ടികൾക്കായി കെ.സി.എസ്.എൽ ആന്തം മത്സരം നടത്തി. 28 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു (8 ടീം).

**കളരി വിതരണം ചെയ്തു**

കെ.സി.എസ്.എൽ. പ്രസിദ്ധീകരണമായ കളരി മൂന്നാം ലക്കം സ്കൂളുകളിൽ വിതരണം ചെയ്തു.

**സമ്മാനങ്ങൾ വിതരണം ചെയ്തു**

2024-25 വർഷത്തെ രൂപതാകലോത്സവത്തിന്റെ സമ്മാനങ്ങൾ കെ.സി.എസ്.എൽ ഓഫീസിൽ വിതരണം ചെയ്തു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**രൂപതാവാർഷികം**

എസ്.എം.വൈ.എം - കെ.സി.വൈ.എം പാലാ രൂപതയുടെ 2024 പ്രവർത്തന വർഷത്തെ വാർഷികസമ്മേളനം 2025 ജനുവരി രണ്ടാം തീയതി രാവിലെ 9:45 ന് പാലാ അൽഫോൻസാ കോളജിൽ വച്ചു നടത്തപ്പെട്ടു. ഗ്രേറ്റ് ബ്രിട്ടൻ രൂപതയുടെ ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ യോഗം ഉദ്ഘാടനം ചെയ്തു. 2024 പ്രവർത്തനവർഷത്തെ പ്രസിഡന്റ് എഡ്വിൻ ജോസി അധ്യക്ഷത വഹിച്ചു. രൂപതയിലെ മികച്ച ഫൊറോനകൾക്കും, യൂണിറ്റുകൾക്കും സമ്മാനം വിതരണം

ചെയ്തു. മികച്ച യുവജനപ്രവർത്തകൻ - പ്രവർത്തകയ്ക്കുള്ള ഡാനിയേൽ - എസ്തേർ പുരസ്കാരങ്ങളും, മറ്റ് ഇതരസമ്മാനങ്ങളും യോഗത്തിൽ വിതരണം ചെയ്തു.

**രൂപത ഇലക്ഷൻ**

SMYM - KCYM പാലാ രൂപതയുടെ 2025 പ്രവർത്തനവർഷത്തേക്കുള്ള പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2025 ജനുവരി 02 ന് നടത്തപ്പെട്ടു. പാലാ അൽഫോൻസാ കോളജിൽ നടന്ന രൂപത കൗൺസിലിൽ പാലാ രൂപത SMYM 2024 പ്രസിഡന്റ് ശ്രീ എഡ്വിൻ ജോസി തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

2025 പ്രവർത്തനവർഷത്തെ പ്രസിഡന്റായി പാലാക്കാട് യൂണിറ്റംഗം അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറിയായി പൂവക്കുളം യൂണിറ്റംഗം റോബിൻ റ്റി. ജോസ് താന്നിമല, വൈസ് പ്രസിഡന്റായി ഗാഗുൽത്താ യൂണിറ്റംഗം ബിൽനാ സിബി വെള്ളരിങ്ങാട്ട് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ഡെപ്യൂട്ടി പ്രസിഡന്റ് ജോസഫ് തോമസ് (ഏന്തയാർ), സെക്രട്ടറി - ബെനിസൺ സണ്ണി (അരുവിത്തുറ), ജോയിന്റ് സെക്രട്ടറി - ജിസ്മി ഷാജി (പാലക്കാട്ടുമല), ട്രഷറർ - എഡ്വിൻ ജെയ്സ് (പെരിങ്ങുളം) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ട മറ്റ് ഭാരവാഹികൾ. SMYM കൗൺസിലേഴ്സായി അഡ്വ. സാം സണ്ണി (കത്തീഡ്രൽ), നിഖിൽ ഫ്രാൻസിസ് (ഇലഞ്ഞി), പ്രതീക്ഷാരാജ് (കത്തീഡ്രൽ) എന്നിവരും നോമിനേറ്റ് ചെയ്യപ്പെട്ടു. പുതിയ ഭാരവാഹികൾ രൂപതാഡയറക്ടർ റവ.ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ മുമ്പിൽ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു.

**സംയുക്ത എക്സിക്യൂട്ടീവ് മീറ്റിങ്**

എസ്.എം.വൈ.എം - കെ.സി.വൈ.എം പാലാ രൂപതയുടെ 2024, 2025 പ്രവർത്തനവർഷത്തെ സമിതികളുടെ സംയുക്ത എക്സിക്യൂട്ടീവ് മീറ്റിങ് 2025 ജനുവരിമാസം രണ്ടാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

**എക്സിക്യൂട്ടീവ് മീറ്റിങ്**

എസ്.എം.വൈ.എം - കെ.സി.വൈ.എം പാലാ രൂപതയുടെ 2025 പ്രവർത്തന വർഷത്തെ എക്സിക്യൂട്ടീവ് യോഗം 02/01/2025, 08/01/2025 എന്നീ ദിവസങ്ങളിൽ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു.

**കേരള യൂത്ത് കോൺഫറൻസ് (KYC)**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ, ജനുവരിമാസം 3,4,5 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ട കേരള യൂത്ത് കോൺഫറൻസിൽ SMYM - KCYM പാലാ രൂപതയെ പ്രതിനിധീ കരിച്ച് യുവജനങ്ങൾ പങ്കെടുത്തു.

**ദനഹാ/രാക്കുളിത്തിരുനാൾ ആചരണം**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും ചേർപ്പുങ്കൽ ഫൊറോനയു ടെയും ചേർപ്പുങ്കൽ യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ദനഹാത്തിരുനാൾ

ആചരിച്ചു. പാലാ ചേർപ്പുങ്കലിൽ ഉറവിട പള്ളി സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് പുതുതായി നിർമ്മിച്ച മാർത്തോമ്മാസ്മാരക കുരിശടിയിൽ റംശാനമസ്കാരവും, തുടർന്ന് സമീപത്തുള്ള മീനച്ചിലാറ്റിൽ മാർത്തോമ്മാനസ്രാണികളുടെ പരമ്പരാഗതരാക്കുളിയും നടത്തപ്പെട്ടു. എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, സീറോ മലബാർസഭയുടെ എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി ഫാ. സിറിൽ തോമസ് തയ്യിൽ, മല്പാൻ ജേക്കബ് തെക്കേപ്പറമ്പിൽ എന്നിവർ ചടങ്ങിനു കാർമ്മികത്വം വഹിച്ചു.

ചേർപ്പുങ്കൽ ഫൊറോനപ്പള്ളി വികാരി വെരി റവ.ഫാ. ജോസഫ് പാനാമ്പുഴ, റവ.ഫാ. മാത്യു കുറ്റിയാനിക്കൽ, ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, ചേർപ്പുങ്കൽ ഫൊറോനപ്പള്ളി അസി. വികാരിമാരായ ഫാ. സെബാസ്റ്റ്യൻ പേണ്ടാനം, ഫാ. തോമസ് പരിയാരത്ത് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

എസ്.എം.വൈ.എം. പാലാ രൂപതാപ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ഡെപ്യൂട്ടി പ്രസിഡന്റ് ജോസഫ് തോമസ്, സെക്രട്ടറി ബെനിസൺ സണ്ണി, ട്രഷറർ എഡ്വിൻ ജെയ്സ്, ചേർപ്പുങ്കൽ ഫൊറോന പ്രസിഡന്റ് സച്ചു, യൂണിറ്റ് പ്രസിഡന്റ് ഡോണി എന്നിവർ നേതൃത്വം നൽകി.

രൂപതാസമിതിയുടെ ആഹ്വാനപ്രകാരം, യുവജനങ്ങൾ ഫൊറോനകളുടെയും യൂണിറ്റുകളുടെയും ആഭിമുഖ്യത്തിൽ, ദനഹാത്തിരുനാൾ (രാക്കുളി/പിണ്ടികുത്തിത്തിരുനാൾ) ആചരിച്ചു.

**മീഡിയ സെൽ മീറ്റിങ്**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ മീഡിയ സെല്ലിന്റെ മീറ്റിങ് 11/01/2025 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു

**ഐക്യദാർഢ്യം**

മുട്ടം സിബിഗിരി പള്ളിയിൽ നടന്ന അനിഷ്ടസംഭവങ്ങളിൽ പാലാ രൂപത SMYM-KCYM പ്രതിഷേധിച്ചു. മതസൗഹാർദ്ദം തകർക്കാനുള്ള ആസൂത്രിതശ്രമം അപലപനീയമാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

**സഭൈക്യവാരാചരണം**

കെ.സി.ബി.സി. കമ്മീഷൻ ഫോർ എക്യുമെനിസം, കേരള കൗൺസിൽ ഓഫ് ചർച്ചസ്, എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപത എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ എസ്.എം.വൈ.എം. കടുത്തുരുത്തി ഫൊറോനയുടെയും, കടുത്തുരുത്തി യൂണിറ്റിന്റെയും സഹകരണത്തോടെ 2025 ജനുവരി 23 വ്യാഴാഴ്ച സഭൈക്യവാരം ആചരിച്ചു. ജനുവരി 23 ന് വൈകുന്നേരം 6 മണിക്ക് കടുത്തുരുത്തി മർത്ത്മറിയം ഫൊറോനപ്പള്ളിയിൽ (താഴത്തുപള്ളി) വച്ച് സഭൈക്യപ്രാർത്ഥന നടത്തപ്പെട്ടു. വിവിധ സഭാപിതാക്കന്മാർ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. വിവിധ യൂണിറ്റുകളിൽനിന്നും യുവജനങ്ങൾ പങ്കെടുത്തു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

**സവ്റാ 2K25**

SMYM - KCYM പാലാ രൂപതയുടെ 2025 പ്രവർത്തനവർഷ ഉദ്ഘാടനവും, കർമ്മരേഖ ബ്ലഡ് ഡയറക്ടറി എന്നിവയുടെ പ്രകാശനവും സവ്റാ 2K25 എന്ന പേരിൽ 2025 ജനുവരിമാസം ഇരുപത്തിയഞ്ചാം തീയതി (ശനിയാഴ്ച) രാവിലെ 9.30 ന് ഇലഞ്ഞി ഫൊറോനയുടെയും, യൂണിറ്റിന്റെയും ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. KCYM സംസ്ഥാന പ്രസിഡന്റ് ശ്രീ എം.ജെ. ഇമ്മാനുവൽ യോഗം ഉദ്ഘാടനം ചെയ്യുകയും കർമരേഖാപ്രകാശനം നിർവഹിക്കുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി മുഖ്യപ്രഭാഷണം നടത്തി. ഇലഞ്ഞി ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ആലാനിക്കൽ ബ്ലഡ് ഡയറക്ടറി പ്രകാശനം ചെയ്തു. രൂപത പ്രസിഡന്റ് അൻവിൻ സോണി അധ്യക്ഷത വഹിച്ചു. ജോ. ഡയറക്ടർ സി. നവീന CMC, ജനറൽ സെക്രട്ടറി റോബിൻ താന്നിമല, വൈസ് പ്രസിഡന്റ് ബിൽന സിബി എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തിൽ, 2024 രൂപതാസമിതിയെ ആദരിക്കുകയും വിവിധ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. രൂപതയിലെ 17 ഫൊറോനകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

**നന്ദിയോടെ....**

2024 യുവജനവർഷത്തിൽ രൂപതയോടും സഭയോടും സമുദായത്തോടും വിശാലസമൂഹത്തോടും ചേർന്നുനിന്നു മികച്ച രീതിയിൽ പ്രവർത്തിച്ച്, പ്രസ്ഥാന ത്തെ വളർത്തിയതിന് SMYM - KCYM പാലാ രൂപത 2024 സമിതിക്ക് ഹൃദയം നിറഞ്ഞ നന്ദി.

യുവജനപ്രസ്ഥാനത്തെ നയിച്ച, എഡ്വിൻ ജോസി - പ്രസിഡന്റ്(കീഴൂർ), മിജോ ജോയി - ജനറൽ സെക്രട്ടറി (മണ്ണയ്ക്കനാട്), ടിൻസി ബാബു - വൈസ് പ്രസിഡന്റ് (പൂവരണി), മാർട്ടിൻ വി.രാജു - വൈസ് പ്രസിഡന്റ് (ഉള്ളനാട്), ലിൻസൺ ബ്ലെസ്സൻ - സെക്രട്ടറി (വാരിയാനിക്കാട് ), ബിൽന സിബി - ജോയിന്റ് സെക്രട്ടറി (ഗാഗുൽത്താ), അൻവിൻ സോണി - ട്രഷറർ (പാലാക്കാട്), KCYM കൗൺസിലേഴ്സായ ഡിബിൻ ഡോമിനിക് - (കുറവിലങ്ങാട്), റിയ തെരേസ ജോർജ് (വെള്ളികുളം), SMYM കൗൺസിലേഴ്സായ നിഖിൽ ഫ്രാൻസിസ് (ഇലഞ്ഞി), അഡ്വ. പ്രതീക്ഷാ രാജ് (പാലാ), അഡ്വ. സാം സണ്ണി (പാലാ), സിൻഡിക്കേറ്റ് കൗൺസിലേഴ്സായ ആൽഫി ജോസ് (ഭരണങ്ങാനം), അൻസാ ജോർജ് (ചേർപ്പുങ്കൽ), ഡെറ്റൽ ജെയിംസ് (കടനാട്), അന്ന മരിയ ജോർജ് (കടുത്തുരുത്തി), റെയ്ച്ചൽ മേരി ചാൾസ് (പൂഞ്ഞാർ), അന്നറ്റ് ജോർജ് (കോതനല്ലൂർ ), അന്ന സാന്ദ്ര സാബു (കുറവിലങ്ങാട് ), റെമിൻ റോയി (മൂലമറ്റം), ബിബിൻ ബേബി (മുട്ടുചിറ), ജോസഫ് തോമസ് (കൂട്ടിക്കൽ), ആൽഫിൻ ഡി. ഏറത്ത് (രാമപുരം) എന്നിവരെ നന്ദിയോടെ ഓർക്കുന്നു. കഴിഞ്ഞ നാലുവർഷ ക്കാലം പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ആനിമേറ്ററായി പ്രവർത്തിച്ച ബഹു. സി. മേരിലിറ്റ് എഫ്.സി.സിക്ക് രൂപതാക്കുടുംബത്തിന്റെ നന്ദി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ആരാധന**

എല്ലാ മാസവും ആദ്യതിങ്കളാഴ്ചയും മൂന്നാംതിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ ചാപ്പലിൽവച്ച് അരുവിത്തുറ ഇടവകയിലെ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തി വരുന്നു.

**നൈറ്റ് വിജിൽ**

2025 ജനുവരി 3 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻപള്ളിയിൽവച്ച് വൈകുന്നേരം ഏഴരമുതൽ ജനുവരി 4 രാവിലെ 6 മണിവരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നു ചേർന്നു പ്രാർത്ഥിച്ചു.

**മധ്യസ്ഥപ്രാർഥന**

എല്ലാ ദിവസവും വൈകുന്നേരം 8.30 ന് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ അരമണിക്കൂർ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർഥിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന് ളാലംപള്ളിയിലെ മിനിഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

**പാരിഷ് ഏകദിനപ്രോഗ്രാം**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ രത്നഗിരി ഇടവകയിൽ 2025 ജനുവരി 5 ന് ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. ഇടവകവികാരി ഫാ. മൈക്കിൾ നരിക്കാട്ട്, അസി. വികാരി ഫാ. ക്ലിന്റോ കണിയാംപടി എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഈ പ്രോഗ്രാമിൽ മുപ്പതിലധികം കുട്ടികൾ ഒന്നുചേർന്നു. ദൈവസ്നേഹം ആഴത്തിൽ അനുഭവിക്കാനും ക്രിസ്തുവിന്റെകൂടെ ആയിരിക്കാനും ഈ പ്രോഗ്രാമിലൂടെ കുട്ടികൾക്കു സാധിച്ചു.

**Aviv - Second Saturday Gathering**

പാലാ സോണിലെ ടീൻസ് ക്യാമ്പസ് കുട്ടികൾക്കായി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് AVIV എന്ന പ്രോഗ്രാം 2025 ജനുവരി 11-ാം തീയതി നടത്തപ്പെട്ടു. പാലായിലെ വിവിധ ഭാഗങ്ങളിൽനിന്നായി വിദ്യാർത്ഥികൾ പങ്കെടുത്ത പ്രോഗ്രാം വി.കുർബാനയോടെ സമാപിച്ചു.

**ഫാമിലി ഫെസ്റ്റ്**

ജനുവരി 11 (രണ്ടാം ശനിയാഴ്ച) പാലാ St. Thomas Higher Secondary സ്കൂളിൽ ഉച്ചകഴിഞ്ഞ് 3.30 മുതൽ രാത്രി 8 മണിവരെ സോണൽ ഫാമിലി ഫെസ്റ്റ്

നടത്തപ്പെട്ടു. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്യുന്ന Sr. Mercin വചനം പങ്കുവച്ചു. അതോടൊപ്പം പുതുതായി തിരുപ്പട്ടം സ്വീകരിച്ച് വൈദികനായ പാലാ സോൺ മുൻ അസിസ്റ്റന്റ് കോർഡിനേറ്റർ ആയിരുന്ന ഫാ. ജോസഫ് വെട്ടുകല്ലുമ്പുറത്തിന് (ഐവിൻ) സ്വീകരണവും നൽകി.

**ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും ടീനേജ് കുട്ടികളുടെ ദൈവാനുഭവം പങ്കുവയ്ക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**ഹൗസ് ഹോൾഡ്**

2025 ജനുവരി 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് അരുവിത്തുറ പള്ളിയിലെ പാരിഷ് ഹാളിൽ വച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. ഇരുപതോളം ആളുകൾ പങ്കെടുത്തു.

**കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം**

നമ്മുടെ വിശ്വാസജീവിതവും പ്രാർഥനാശൈലിയും പരിചയപ്പെടാനും അടുത്തറിയാനുമായി ഉത്തരേന്ത്യയിൽനിന്നു വന്ന ഇരുന്നൂറ്ററുപതോളം യുവജനങ്ങൾ ഒരാഴ്ചത്തെ ധ്യാനത്തിനുശേഷം കേരളത്തിലെ വിവിധ സോണുകളിലേക്ക് അയയ്ക്കപ്പെട്ടു. അവരിൽ ഛത്തീസ്ഗഡിൽനിന്നു വന്ന 15 പേരാണ് പാലാ സോണിലേക്ക് എത്തിയത്. ഡിസംബർ 21 മുതൽ 28-ാം തീയതി വരെ പാലാ രൂപതയിലെ വിവിധ ആരാധനാലയങ്ങളും, തീർഥാടനകേന്ദ്രങ്ങളും സന്ദർശിക്കുകയും നമ്മുടെ വിശ്വസജീവിതം അടുത്തറിയുകയും ചെയ്തു.

**ബ്ലൂം - ടീൻസ് ലീഡേഴ്സ് ഗാതറിങ്**

പാലാ രൂപതയിലെ ടീനേജ് ലീഡേഴ്സിനുവേണ്ടി ഡിസംബർ 27 മുതൽ 28 വരെ തീയതികളിൽ ഗാതറിങ് നടത്തി. രണ്ടുദിവസം നീണ്ട ഗാതറിങ്ങും ഔട്ട് റീച്ചും ഏറെ ഹൃദ്യവും മനോഹരവുമായിരുന്നു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1) കുടുംബക്കൂട്ടായ്മ രൂപത റിസോഴ്സ് ടീം അംഗങ്ങൾ ഇടവകകൾ സന്ദർശിച്ചു.

2) 1 9/1/2025 ഞായറാഴ്ച രാവിലെ 11 ന് മരങ്ങാട്ടുപിള്ളി സെന്റ് ഫ്രാൻസിസ് അസ്സീസി ഇടവകയിലെ കുടുംബക്കൂട്ടായ്മാഭാരവാഹികളുടെ സമ്മേളനം വികാരി റവ. ഫാ. ജോസഫ് ഞാറക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ഇടവകപ്രസിഡന്റ് ശ്രീ സണ്ണി വെള്ളാരംകാലായിൽ വൈസ് പ്രസിഡന്റ് വർക്കി തോമസ് തുടങ്ങിയവർ സംസാരിച്ചു. രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ സെമിനാർ നയിച്ചു.

3) 31/1/2025 കുടുംബക്കൂട്ടായ്മ രൂപതാവാർഷികം ളാലം സെന്റ് മേരീസ് പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു.

റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ബൈബിൾ പ്രതിഷ്ഠ നടത്തി. A, B, C, D വിഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ഇടവകകൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

A വിഭാഗം

ഒന്നാം സ്ഥാനം - സെന്റ് അൽഫോൻസാസ് ചർച്ച്, പയ്യാനിത്തോട്ടം

രണ്ടാം സ്ഥാനം - സെന്റ് പീറ്റേഴ്സ് ചർച്ച്, മൂന്നാനി

മൂന്നാം സ്ഥാനം - സെന്റ് ജോസഫ് ചർച്ച്, ചൂണ്ടച്ചേരി

B വിഭാഗം

ഒന്നാം സ്ഥാനം - സെന്റ് മരിയ ഗൊരേത്തി ചർച്ച്, കാവുംകണ്ടം.

രണ്ടാം സ്ഥാനം - സേക്രഡ് ഹാർട്ട് ചർച്ച്, ഉള്ളനാട്

മൂന്നാം സ്ഥാനം - സെന്റ് ജോസഫ് ചർച്ച്, കുന്നോന്നി

C വിഭാഗം

ഒന്നാം സ്ഥാനം - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് സിബിഗിരി മുട്ടം

രണ്ടാം സ്ഥാനം - സെന്റ് തോമസ് ചർച്ച് കുറിച്ചിത്താനം

മൂന്നാം സ്ഥാനം - സെന്റ് ജോസഫ് ചർച്ച് കുന്നോന്നി

D വിഭാഗം

ഒന്നാം സ്ഥാനം - സെൻറ് പീറ്റർ & പോൾ ചർച്ച്, ഇലഞ്ഞി

രണ്ടാം സ്ഥാനം -റൂഹാദ് കുദിശ ചർച്ച്, മുട്ടുചിറ

മൂന്നാം സ്ഥാനം - മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ ചർച്ച്, കുറവിലങ്ങാട്

മികച്ച ഫൊറോനകൾ

ഒന്നാം സ്ഥാനം - പ്രവിത്താനം

രണ്ടാം സ്ഥാനം - മുട്ടുചിറ

മൂന്നാം സ്ഥാനം - രാമപുരം

സമ്മേളനത്തിൽവച്ച് സമ്പൂർണ്ണ ബൈബിൾ രചന നടത്തിയ വ്യക്തികളെ ആദരിച്ചു. മികച്ച പ്രവർത്തനം നടത്തുന്ന ഇടവകകളെയും തുടർച്ചയായി ബൈബിൾ വായന നടത്തുന്ന ഇടവകകളെയും ശ്രീ തോമസ് വടക്കേലിനെയും മെമന്റോ നൽകി ആദരിച്ചു. പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് പയ്യാനി മണ്ഡപം അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. റവ. ഫാ. ജോസഫ് തടത്തിൽ ആശംസകൾ നേർന്നു. ഫാ. ആൽബിൻ പുതുപറമ്പിൽ സ്വാഗതവും സിന്ധു ഷാജി ഇടയാനിക്കാട്ട് കൃതജ്ഞതയും പറഞ്ഞു. സെക്രട്ടറി ബാബു പോൾ പെരിയപ്പുറം റിപ്പോർട്ട് അവതരിപ്പിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ജനുവരി 02-04, 23-25** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 327 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**ഫെബ്രുവരി 07-09, 24-26, മാർച്ച് 07-09, 21-23** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

ജനുവരിമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ.ഫാ. തോമസ് മണ്ണൂർ, റവ.ഡോ. തോമസ് വടക്കേൽ എന്നിവർ ക്ലാസ്സെടുത്തു. 415 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

### 4. നവോമി സംഗമം

ജനുവരി 7-ാം തീയതി എറണാകുളം പി.ഒ.സിയിൽ വച്ചു നടന്ന ഏകസ്ഥരുടെ സംഘടനയായ നവോമിയുടെ ഡയറക്ടേഴ്സ് മീറ്റിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

### 5. കൂട്ടായ്മ

ജനുവരി 9-ാം തീയതി വിവാഹ ഒരുക്ക സെമിനാറിൽ സഹകാരികളായ ബഹുമാനപ്പെട്ട വൈദികരുടെ കൂട്ടായ്മയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ എല്ലാവരെയും സ്വാഗതം ചെയ്തു സംസാരിച്ചു.

### 6. മീറ്റിങ്

ജനുവരി 20-ാം തീയതി ചങ്ങനാശ്ശേരിയിൽ വച്ചു നടത്തപ്പെട്ട ഇന്റർ ഡയോസിസ് മീറ്റിങ്ങിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

## B. പിതൃവേദി

### 1. ഭവനനിർമ്മാണം

ജനുവരി 4-ാം തീയതി രാവിലെ 9 മണിക്ക് പിതൃവേദി രാമപുരം യൂണിറ്റ് നേതൃത്വത്തിൽ നിർമ്മിച്ചുനൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമം രാമപുരം വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം നിർവഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ തക്കോൽദാനം നടത്തി സന്ദേശം നൽകി.

### 2. യൂണിറ്റ്സന്ദർശനം

ജനുവരി 11-ാം തീയതി വൈകുന്നേരം 5 മണിക്ക് കൂത്താട്ടുകുളം പള്ളിയിൽവച്ചു നടത്തിയ യൂണിറ്റ് മീറ്റിങ്ങിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**3. രൂപതാസമിതി**

ജനുവരി 14-ാം തീയതി വൈകുന്നേരം 4 മണിക്ക് പിതൃവേദി രൂപത എക്സിക്യൂട്ടീവ് കൂടി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ചചെയ്തു.

**4. പുതിയ യൂണിറ്റ്**

ജനുവരി 16-ാം തീയതി കൊഴുവനാൽ ഇടവകയിൽ പിതൃവേദി പുതിയ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു.

## C. മാതൃവേദി

**1. വാർഷികം**

ജനുവരി 8-ാം തീയതി രാവിലെ 10.30ന് മാതൃവേദി ഇലഞ്ഞിമേഖല യുടെ വാർഷികം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ജനുവരി 10-ാം തീയതി രാവിലെ 10.30 ന് രാമപുരം മേഖലാവാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**2. രൂപതാസമിതി**

ജനുവരി 10-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് മാതൃവേദി 2025-27 കാലഘട്ടത്തിലെ പുതിയ ഭാരവാഹികളുടെ ആദ്യ രൂപതാസമിതി നടത്തപ്പെട്ടു.

**3. ഗ്ലോബൽ മീറ്റിങ്**

ജനുവരി 12, 13 തീയതികളിൽ മാതൃവേദി ഗ്ലോബൽ മീറ്റിങ്ങിൽ കോതമംഗലം നെസ്റ്റിൽ വച്ചു നടന്ന മീറ്റിങ്ങിൽ റവ.ഫാ. ജോസഫ് നരിതൂക്കിലും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. തദവസരത്തിൽ പാലാ രൂപത മാതൃവേദി സെനറ്റ് അംഗമായ സിജി ലൂക്ക്സൺ പടന്നമാക്കൽ ഗ്ലോബൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

**4. ചർച്ച**

ജനുവരി 17-ാം തീയതി ളാലം പഴയപള്ളിയിൽവച്ചു നടന്ന മീറ്റിങ്ങിൽ മാതൃവേദി രൂപത വാർഷികത്തെക്കുറിച്ചു ചർച്ചകൾ നടത്തി.

**5. മേഖലാവാർഷികം**

ജനുവരി 20-ാം തീയതി പ്രവിത്താനം മേഖലാവാർഷികം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**6. മീറ്റിങ്**

ജനുവരി 21-ാം തീയതി ളാലം പഴയപള്ളിയിൽ വച്ച് രൂപതാവാർഷികത്തിന്റെ അവസാനഘട്ടപണികൾക്ക് ഡയറക്ടറും എക്സിക്യൂട്ടീവ് അംഗങ്ങളും നേതൃത്വം നൽകി.

**7. രൂപതാവാർഷികം**

ജനുവരി 22-ാം തീയതി ളാലം പള്ളിപാരിഷ് ഹാളിൽ വച്ച് 2022-24 കാലഘട്ടത്തിലെ രൂപതാവാർഷികം നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീമതി

ഷേർളി ചെറിയാൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ എല്ലാവരെയും സ്വാഗതം ചെയ്യുകയും പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ.ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം നിർവഹിച്ച് കർമ്മരേഖ പ്രകാശനം ചെയ്യുകയും ചെയ്തു. തുടർന്ന് ഗ്ലോബൽ സെക്രട്ടറി സിജി ലൂക്ക്സൺ കർമ്മരേഖ പരിചയപ്പെടുത്തി അതിനെക്കുറിച്ച് വിശദീകരിച്ചു നല്കുകയും ചെയ്തു. തദവസരത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച 3 മേഖല/യൂണിറ്റുകൾക്ക് എവർറോളിങ് ട്രോഫികളും വിതരണവും ലോഗോസ് ക്വിസിന് 90 മാർക്കിൽ കൂടുതൽ കിട്ടിയവർക്കും വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കും സമ്മാനങ്ങളും വിതരണം ചെയ്തു. 1300 പേർ വാർഷികസമ്മേളനത്തിൽ പങ്കെടുത്തു.

**8. യൂണിറ്റ് സന്ദർശനം**

ജനുവരി 26-ാം തീയതി കുടയത്തൂർ യൂണിറ്റിന്റെ മീറ്റിങ്ങിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്ത് കാര്യങ്ങൾ ചർച്ച ചെയ്തു സംസാരിച്ചു.

**9. മേഖലാവാർഷികം**

ജനുവരി 28-ാം തീയതി രാവിലെ 10 മണിക്ക് തുടങ്ങനാട് മേഖലയുടെ വാർഷികവും ഉച്ചകഴിഞ്ഞ് കടനാട് മേഖലാവാർഷികവും നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും എക്സിക്യൂട്ടീവ് അംഗങ്ങളും വാർഷികത്തിൽ പങ്കെടുത്തു. ജനുവരി 31-ാം തീയതി കടുത്തുരുത്തി മേഖല വാർഷികവും നടത്തപ്പെട്ടു.

## D. പ്രോലൈഫ്

**1. മീറ്റിങ്**

ജനുവരി 19-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോമിൽ വച്ചു നടത്തപ്പെട്ട പ്രോലൈഫ് സമിതിയുടെ മീറ്റിങ്ങിൽ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് ചൊവ്വേലിക്കുടിയിൽ സന്ദേശം നൽകി സംസാരിച്ചു.

## E. ഹോംമിഷൻ

വിവിധ ഇടവകകളിലായി നടത്തിവരുന്ന ഹോം മിഷൻ പൂർത്തിയായി വരുന്നു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർസഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. എക്സിക്യൂട്ടീവ് യോഗം**

ജനുവരി 18-ാം തീയതി മാട്രിമണിയുടെ എക്സിക്യൂട്ടീവ് യോഗം കൊരട്ടി ഇൻഫോ പാർക്കിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്ത് കാര്യങ്ങളെക്കുറിച്ചു ചർച്ചനടത്തി.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റിക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ — **7306293048.**

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി **മലയിഞ്ചിപ്പാറ, തുടങ്ങനാട് (2), പൈക** ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**കർഷകസമരം**

കർഷകനും കൃഷിയുമില്ലാതെ മനുഷ്യനു നിലനില്പില്ലെന്ന് മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് പറഞ്ഞു. കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കർഷകസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അഭിവന്ദ്യപിതാവ്. മുണ്ടാങ്കൽ പള്ളിഹാളിൽ നത്തിയ സമ്മേളനത്തിൽ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ഫാ. ജോർജ് പഴേപറമ്പിൽ, ടോമി കണ്ണീറ്റുമ്യാലിൽ, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**അവാർഡുവിതരണം**

പത്താമത് അടുക്കളത്തോട്ടമത്സരം 2024 ന്റെ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ്

മെമന്റോകളും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു. കർഷകവേദി ചെയർമാൻ ടോമി കണ്ണീറ്റുമ്യാലിൽ അവാർഡുജേതാക്കളെ പരിചയപ്പെടുത്തി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ഫാ. ജോർജ് പഴേപറമ്പിൽ, ആൻസൺ സാബു, ജോയി കണിപറമ്പിൽ, പ്രസാദ് കാനാട്ട് തുടങ്ങിയവർ സംസാരിച്ചു.

**ധർണ നടത്തി**

വന്യജീവിയാക്രമണങ്ങൾ തടയുന്നതിനാവശ്യമായ നിയമനടപടി സർക്കാർ അടിയന്തരമായി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രൂപതാസമിതിയുടെ നേതൃത്വത്തിൽ മുണ്ടാങ്കൽ പോസ്റ്റ് ഓഫീസ് പടിക്കൽ ധർണ നടത്തി. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ജോസ് വട്ടുകുളം, ഫാ. ജോർജ് പഴേപറമ്പിൽ, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, ജോൺസൺ മാത്യു തുടങ്ങിയവർ സംസാരിച്ചു.

**വനിത കൗൺസിൽ എക്സിക്യൂട്ടിവ്**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത വനിതാകൗൺസിലിന്റെ എക്സിക്യൂട്ടിവ് യോഗം രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ശ്രീമതി ആൻസമ്മ സാബു ഭാവിപരിപാടികൾ വിശദീകരിച്ചു. ശ്രീമതി ലൈല ജോർജ്, ശ്രീമതി സുജ ജോസ്, ബെല്ലാ സിബി തുടങ്ങിയവർ സംസാരിച്ചു.

**ഗ്ലോബൽ ക്യാമ്പ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ രണ്ടുദിവസത്തെ ക്യാമ്പ് 2025 ജനുവരി 17, 18 തീയതികളിൽ എറണാകുളം പി.ഒ.സിയിൽ വച്ചു നടത്തി. ഗ്ലോബൽ ഭാരവാഹികളും രൂപതാഭാരവാഹികളും പങ്കെടുത്തു. പാലാരൂപതയിൽനിന്ന് 14 പേർ ക്ലാസ്സിൽ പങ്കെടുത്തു.

**സ്വീകരണം നല്കി**

ഓസ്ട്രേലിയായിലെ നോർത്തേൺ ടെറിറ്ററി പാർലമെന്റിൽ സാൻഡേഴ്സൺ മണ്ഡലത്തിൽനിന്നു ജയിച്ച് സ്പോർട്സ് യുവജനകാര്യ സാംസ്കാരിക മന്ത്രിയായി നിയമിതനായ പാലാ രൂപത, വാകക്കാട് ഇടവകാംഗമായ പുന്നത്താനിയിൽ ജിൻസൺ ആന്റോ ചാൾസിന് ഗ്ലോബൽ സമിതിയുടെയും രൂപതാസമിതിയുടെയും നേതൃത്വത്തിൽ സ്വീകരണം നല്കി. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. മാർ റെമിജിയൂസ് ഇഞ്ചനാനിയിൽപിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, റവ. ഡോ. ഫിലിപ്പ് കവിയിൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. ഗ്ലോബൽ – രൂപതാഭാരവാഹികൾ ആശംസകൾ നേർന്നു.

**ഫൊറോനാവാർത്തകൾ**

**മൂലമറ്റം**

മൂലമറ്റം ഫൊറോനാസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. കുടയത്തൂർ പള്ളി ഹാളിൽ കൂടിയ യോഗത്തിൽ ഫൊറോന പ്രസിഡന്റ് അജിൻ പനച്ചിക്കൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. ജേക്കബ് പൊട്ട ക്കുളം ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എം. എം. ജേക്കബ്, ജോസ് വട്ടുകുളം, ഫ്രാൻസീസ് കരിമ്പാനി, ഡോ. തോംസൺ പിണക്കാട്ട് തുടങ്ങിയവർ സംസാരിച്ചു.

**ഇലഞ്ഞി**

ഇലഞ്ഞി ഫൊറോന എക്സിക്യൂട്ടിവ് യോഗം ശ്രീ. ബേബി ആലുങ്ക ലിന്റെ അധ്യക്ഷതയിൽ നടത്തി. വെരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. റോയി പൂഞ്ഞാർ, ബെന്നി കൊഴുപ്പൻകുറ്റി തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നല്കി.

**അരുവിത്തുറ**

**യൂത്ത് കൗൺസിൽ**

യൂത്ത് കൗൺസിൽ രൂപീകരണം: അരുവിത്തുറ യൂത്ത് കൗൺസിൽ രൂപീകരണസമ്മേളനം റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ നിർവഹിച്ചു. ഫൊറോനപ്രസിഡന്റ് സാബു പ്ലാത്തോട്ടം അധ്യക്ഷത വഹിച്ചു. യൂത്ത് കൗൺസിൽ പാലാ രൂപത മുഖ്യ കോർഡിനേറ്റർ അജിത് അരിയമറ്റം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ടോമിച്ചൻ പഴേയിടം തുടങ്ങിയവർ സംസാരിച്ചു.

**യൂണിറ്റ് വാർത്തകൾ**

**മരങ്ങാട്ടുപിള്ളി**

ഇടവകത്തിരുനാളിനോടനുബന്ധിച്ച് യൂണിറ്റിന്റെ നേതൃത്വത്തിൽ ടൂവീ ലർ ഫാൻസിഡ്രസ് മത്സരം നടത്തി. ഗ്ലോബൽ പ്രസിഡന്റ് ശ്രീ രാജീവ് കൊച്ചു പറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസഫ് ഞാറക്കാട്ടിൽ, റവ. ഫാ. ജോസഫ് തയ്യിൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**കടനാട്**

കത്തോലിക്കാ കോൺഗ്രസ് കടനാട് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകത്തിരുനാളിന്റെ സമാപനദിവസം പങ്കെടുത്ത അയ്യായിരത്തോളം ആളു കൾക്ക് ഊട്ടുനേർച്ച സദ്യ വിളമ്പി, കടനാട് പള്ളിവികാരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര പ്രാർഥനകൾക്കു നേതൃത്വം നല്കി. ശ്രീ ബിനു വള്ളോംപുരയിടത്തിന്റെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു

പുതിയ യൂണിറ്റുകൾ

വേഴങ്ങാനം, കവീക്കുന്ന്

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കിസ്സാൻ ഡ്രോൺ പ്രദർശന ഉദ്ഘാടനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ബോർഡിന്റെ സഹകരണത്തോടെ രൂപീകരിച്ച ഫാത്തിമാപുരം കർഷക ഉത്പാദകക്കമ്പനി കിസ്സാൻ ഡ്രോൺ പ്രദർശന ഉദ്ഘാടനം നടത്തി. കൃഷിച്ചെലവ് കുറയ്ക്കുന്നതിനും കൃത്യതയോടെ വളപ്രയോഗം നടത്തുന്നതിനും ഡ്രോൺ സാങ്കേതികവിദ്യ വളരെ പ്രയോജനപ്രദമാണ്. പൈനാപ്പിൾ, നെല്ല്, റമ്പുട്ടാൻ തുടങ്ങിയ വിളകൾക്ക് നാനോ വളങ്ങൾ ഡ്രോൺ ഉപയോഗിച്ചു തളിക്കുന്നത് വളരെ കാര്യക്ഷമതയും സമയലാഭവും നേടിത്തരുന്നു. ഫാത്തിമാപുരം പള്ളിവികാരി ഫാ. മാത്യു തേവർകുന്നേൽ മെഷീനുകളുടെ ആശീർവാദകർമം നിർവഹിച്ചു. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് ശ്രീ ജോൺസൺ കൊട്ടുകാപ്പള്ളി, കമ്പനി ചെയർമാൻ ജോസ് കെ. ജോർജ് കുരിശുംമൂട്ടിൽ പി.എസ്.ഡബ്ല്യു.എസ് പ്രൊജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**വിളമത്സരങ്ങൾ**

പാലാ സെന്റ് തോമസ് ഓട്ടോണമസ് കോളജ് പ്ലാറ്റിനം ജൂബിലിയാഘോഷമായ ലൂമിനാരിയ മെഗാ എക്സ്പോയുടെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപതയിലെ കർഷകർക്കായി വിള മത്സരം സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽനിന്നായി അമ്പതിലധികം കർഷകർ മത്സരത്തിൽ പങ്കെടുത്തു. വിജയികൾക്ക് ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

**കേക്ക് മേളകൾ**

ക്രിസ്മസ് – ന്യൂയർ ആഘോഷങ്ങളോടനുബന്ധിച്ചു പി.എസ്.ഡബ്ല്യു.എസ് സ്വാശ്രയസംഘങ്ങളും സ്വയംസഹായസംഘങ്ങളും വിപുലമായ രീതിയിൽ കേക്കുമേളകൾ നടത്തി. മായം കലരാത്ത കേക്കുകൾ മിതമായ നിരക്കിൽ ജനങ്ങളിലേക്കെത്തിക്കാൻ കേക്കുമേളകൾ സഹായിച്ചു. നൂറിലധികം ഇടവകളിൽ നടത്തിയ മേളകൾ സംഘങ്ങളുടെ വരുമാനവർധനവിനും ഒരുമയ്ക്കും കാരണമായി.

**കോഴിക്കുഞ്ഞുവിതരണം**

അഗ്രിമ പാലായിൽ വച്ചു കരിങ്കോഴിക്കുഞ്ഞുങ്ങളുടെയും ബി.വി. 380 കുഞ്ഞുങ്ങളുടെയും വിതരണം നടക്കുകയുണ്ടായി. ആവശ്യമുള്ളവർക്ക് മിതമായ നിരക്കിൽ കോഴിക്കൂടുകളും വിതരണം ചെയ്തു. രണ്ടായിരത്തിലധികം കോഴിക്കുഞ്ഞുങ്ങളുടെ വിതരണത്തിലൂടെ സാധാരണക്കുടുംബങ്ങളുടെ വരുമാനവർധനയ്ക്കും ആരോഗ്യപോഷണത്തിനും സഹായകമാകുന്നു.

**വരുമാനദായകപ്രവർത്തനങ്ങൾ**

മണ്ണാറപ്പാറ സ്വാശ്രയസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ് ഗ്രൂപ്പ് കൂൺകൃഷി ആരംഭിച്ചു. കാട്ടാമ്പാക്ക് സ്വാശ്രയസംഘം വീട്ടമ്മ

മാർക്ക് ലിക്വിഡ് സോപ്പ് നിർമിക്കുന്നതിനു പരിശീലനം വീട്ടമ്മമാർക്കു നല്കി. കൂടല്ലൂർ അൽഫോൻസാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നിത്യോപയോഗസാധനങ്ങളുടെ വില്പനയ്ക്കായി ഒരു സ്റ്റോർ ആരംഭിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**SDVS സ്കോളർഷിപ്പ് വിതരണം**

സീറോമലബാർ ദളിത് വികാസ് സൊസൈറ്റിയുടെ (SDVS) സ്കോളർഷിപ്പ് 2025 ജനുവരി 24 വെള്ളിയാഴ്ച രാവിലെ പാലാ ബിഷപ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിർവ്വഹിക്കുകയുണ്ടായി. യോഗത്തിന് രൂപതാഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. തുടർന്ന് പിതാവ് സ്കോളർഷിപ്പിനർഹരായ വിദ്യാർഥികളെയും മാതാപിതാക്കളെയും അഭിസംബോധന ചെയ്തു സംസാരിക്കുകയും സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ചെയ്തു. പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർഥികൾക്ക് നല്കുന്ന SDVS സ്കോളർഷിപ്പ് രൂപതയിൽനിന്ന് 23 കുട്ടികൾ അർഹരായി.

**രൂപതക്കമ്മിറ്റി**

DCMS പാലാ രൂപതയുടെ ഡിസംബർമാസത്തെ രൂപതക്കമ്മിറ്റി ഡിസംബർ 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ രൂപതാ പ്രസിഡന്റ് ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തുകയും രൂപത ഓർഗനൈസർ ശ്രീ ബേബി ആന്റണി സ്വാഗതം ആശംസിക്കുകയും രൂപത കമ്മിറ്റിയംഗം ശ്രീ സണ്ണി പി.എം. കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടും ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കണക്കുകളും അവതരിപ്പിക്കുകയും ചെയ്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോംസ് മീറ്റിംഗുകൾ**

എല്ലാ വിഭാഗത്തിന്റെയും എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. ഫെബ്രുവരി 15-ാം തീയതി കെയർ ഹോംസ് വാർഷികം ഉാലം പള്ളി പാരിഷ്ഹാളിൽവച്ചു നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിങ്**

1. രൂപതാ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി

**2. അഗ്രിക്കൾച്ചർ ഫോറം സ്റ്റേറ്റ് മീറ്റിങ്**

പാലാരിവട്ടത്തു നടന്ന അഗ്രിക്കൾച്ചർ ഫോറത്തിന്റെ സ്റ്റേറ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. ഡയറക്ടറച്ചനും ഓഫീസറും എത്തിയിരുന്നു.

**3. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

**4.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺനമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ (AA മീറ്റിംഗ്)**

ജനുവരി 5, 12, 19, 26 തീയതികളിൽ AA മീറ്റിങ്ങുകൾ നടത്തപ്പെട്ടു. ഡയറക്ടർ, പ്രൊജക് കോർഡിനേറ്റർ തുടങ്ങിയർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി. ലഹരിവിമുക്തജീവിതം നയിക്കുന്നവർ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ലഹരി ഉപേക്ഷിച്ചതിന്റെ വാർഷികം ആയവരെ മെഡൽ അണിയിച്ച് ആദരിക്കുകയും ചെയ്തു.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ജനുവരി 11 ന് നടത്തപ്പെട്ടു.

**ബോധവത്കരണക്ലാസ്സുകൾ**

ജനുവരി 12 ന് കീഴതടിയൂർ, ജനുവരി 26 ന് ഇലപ്പള്ളി എന്നീ ഇടവകകളിലെ സൺഡേസ്കൂൾ കുട്ടികൾക്കും മാതാപിതാക്കൾക്കുംവേണ്ടി അഡാർട്ട് ഡയറക്ടർ ബോധവത്കരണക്ലാസ്സുകൾ നടത്തി.

**ഗാന്ധിദർശൻ ക്വിസ് മത്സരം**

സ്കൂൾകുട്ടികൾക്കിടയിൽ പ്രവർത്തിച്ചുവരുന്ന അഡാർട്ട് ക്ലബിന്റെ ഭാഗമായ ഗാന്ധിദർശൻ കർമപദ്ധതിയുടെ ഭാഗമായി വിവിധ ഗാന്ധിയൻ സംഘടനകളുമായി ചേർന്ന് ഗാന്ധിദർശൻ ക്വിസ്മത്സരത്തിന്റെ അവസാന ഭാഗം (ഫൈനൽ) ജനുവരി 4 ന് അഡാർട്ടിൽ വച്ചു നടത്തപ്പെട്ടു. അഡാർട്ട് ഡയറക്ടർ അധ്യക്ഷത വഹിച്ചയോഗം ചൂണ്ടച്ചേരി സാൻജോസ് പബ്ലിക് സ്കൂൾ മാനേജർ റവ. ഡോ. തോമസ് കാലാച്ചിറ ഉദ്ഘാടനം ചെയ്യുകയും ക്വിസ് നയിക്കുകയും ചെയ്തു. അഡാർട്ട് കൗൺസിലർ ജോയി കെ. മാത്യു, കെ.ജെ. അബ്രാഹം തുടങ്ങിയവർ

പ്രസംഗിച്ചു. വിജയികൾക്ക് അഡ്വ. ജോർജുകുട്ടി കടപ്ലാക്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

**സന്ദർശനം**

ജനുവരി 15 ന് കാരാപ്പുഴ GHSS നിന്ന് ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ അഡാർട്ട് സന്ദർശിക്കുകയും ശ്രീ N. M. സെബാസ്റ്റ്യൻ, ശ്രീ ജോയി കെ. മാത്യു എന്നിവർ ലഹരിവിരുദ്ധബോധവത്കരണക്ലാസ്സുകൾ നയിക്കുകയും ചെയ്തു.

പാലാ രൂപതയയ്ക്കായി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് അഡാർട്ടിൽ സ്വീകരണം നൽകുകയും അജപാലനവുമായി ബന്ധപ്പെട്ട് ലഹരിവിരുദ്ധബോധവത്കരണക്ലാസ്സ് നടത്തുകയും ചെയ്തു. ജനുവരി 6 ന് നടത്തപ്പെട്ട പ്രസ്തുത ക്ലാസ്സ് അഡാർട്ട് ഡയറക്ടർ നയിച്ചു. ശേഷം നടന്ന യോഗത്തിൽ നവവൈദികരെ ആദരിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2025**

പഠനഭാഗം : ലൂക്കാ. 17-24, എഫേസോസ് 1-6
ന്യായാധിപന്മാർ 11-21, പ്രഭാഷകൻ 41-50

പരീക്ഷത്തീയതി 2025 സെപ്തംബർ 28 ന് ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ
ജൂൺ 1 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതും ജൂലൈ 31 ന് രജിസ്ട്രേഷൻ അവസാനിക്കുന്നതുമാണ്.
കൂടുതൽ ആളുകളെ ഈ ബൈബിൾപഠനവേദിയിലേക്ക് എത്തിക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കാം.

**ലോഗോസ് ക്വിസ് പഠനസഹായി**

ലോഗോസ് ക്വിസ് 2025 ന് സഹായകരമായ വിധത്തിൽ തയ്യാറാക്കിയിരിക്കുന്ന പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ ക്ലാസ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾക്ലാസിന്റെ ജനുവരി മാസത്തെ ക്ലാസ് ഫാ. തോമസ് മണ്ണൂർ നയിച്ചു. അടുത്ത ക്ലാസ് ഫെബ്രുവരി 8 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, സ്തുതി

ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. 2025 ജനുവരി മാസത്തിൽ ബ്രദർ വർഗീസ് കൊല്ലം, ബ്രദർ അനിൽ കുമളി, ബ്രദർ സിബി എറണാകുളം, ഫാ. സിബി ജോൺ OCD എന്നിവർ ഓരോ ആഴ്ചയിലും വചനപ്രേഘോഷണം നടത്തുകയുണ്ടായി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ജനുവരി 7 ന് അരുവിത്തുറ സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ (അരുവിത്തുറ സെന്റ് ജോർജ് പള്ളി വികാരി) തിരിതെളിച്ച് ശുശ്രുഷകൾ ഉദ്ഘാടനം ചെയ്തു. ഫാ. ആൽബിൻ പുതുപ്പറമ്പിൽ (ഇവാഞ്ചലൈസേഷൻ അസി. ഡയറക്ടർ) വിശുദ്ധ കുർബാനയർപ്പിച്ചു. ശ്രീ സെബാസ്റ്റ്യൻ താന്നിക്കൽ (KCSC) വചനപ്രഘോഷണം നടത്തുകയുണ്ടായി. ചാത്തൻകുന്നേൽ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഇവാഞ്ചലൈസേഷൻ ഡയറക്ടർ സോൺ, തുടങ്ങനാട് സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രുഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ് പുത്തൻപള്ളിയിൽ എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**4.** വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5. രാത്രിയാരാധന**

വി. അൽഫോൻസാ തീർഥാടനദേവാലയത്തിൽ വച്ച് ജനുവരി 25 ശനി ഗുഡ് ന്യൂസ് രാത്രി ആരാധന നടത്തപ്പെട്ടു. റവ. ഫാ. ജിൻസ് GHN (വചനപ്രഘോഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6.** ജനുവരി 18 ശനി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു. ശ്രീ ഷിജു അങ്കമാലി വചനസന്ദേശം നൽകി. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ വചനപ്രഘോഷകരും കൗൺസിലിംഗ് ശുശ്രുഷ ചെയ്യുന്നവരും ഒന്നുച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർഥിക്കുകയും ചെയ്തു.

**7. ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരിക്കൽ മൂന്നു മണിക്കൂർ വീതം ഏഴു ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന എൽ.എസ്.എസ്. സെമിനാർ കൊഴുവനാൽ ദേവാലയത്തിൽ എല്ലാ ഞായറാഴ്ചകളിലും രണ്ടു മണിമുതൽ 5 മണിവരെ നടന്നുകൊണ്ടിരിക്കുന്നു നാല്പതോളം പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**8.** കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ ജൂബിലിവർഷത്തോടും പ്ലാറ്റിനം ജൂബിലിവർഷത്തോടും സുവിശേഷവത്കരണവർഷാരംഭത്തോടും അനുബന്ധിച്ച് മുണ്ടാങ്കൽ സെന്റ് ഡൊമിനിക്ക് ദേവാലയത്തിൽ വച്ച് ജനുവരി 27, 28 തീയതികളിൽ 36 മണിക്കൂർ ദിവ്യാകാരുണ്യ ആരാധന നടത്തപ്പെട്ടു. മുണ്ടാങ്കൽ വികാരി ഫാ. ജോർജ് പഴേപറമ്പിൽ, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ആൽബിൻ പുതുപ്പറമ്പിൽ എന്നിവരോടൊപ്പം സോണൽ, സബ് സോണൽ അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചതോറും നടത്തപ്പെടുന്ന ഏകദിനദൈവരാജ്യപ്രഘോഷണധ്യാനം രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - ജനുവരി 11 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**2.** 2025 ജനുവരി 12 മുതൽ 18 വരെ ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കുള്ള വളർച്ചാധ്യാനം നടത്തി.

**3.** 2025 ജനുവരി 26 മുതൽ ഫെബ്രുവരി 1 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടന്നു.

4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

**2025 ഫെബ്രുവരി 8 – ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

2025 ഫെബ്രുവരി 16 മുതൽ 22 വരെ പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം.

ബുക്കിംഗിന് : www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

പാലാ രൂപത ഫ്രാൻസിസ്കൻ അല്മായസഭയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

S. F. O പാലാ രൂപതയിലെ ഭരണങ്ങാനം സെന്റ് അൽഫോൻസാ റീജിയന്റെ സമ്മേളനം 2025 ജനുവരി 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ചർച്ച് പാരിഷ്ഹാളിൽവച്ച് വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. റീജിയൻ പ്രസിഡന്റ് ബ്രദർ ടോമി സേവ്യർ തെക്കേലിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് പള്ളിയുടെ വികാരി റവ. ഫാ. ജോർജ് വേളൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. SFO ചങ്ങനാശ്ശേരി അതിരൂപതയുടെ ഡയറക്ടർ റവ. ഫാ. തോമസ് വെട്ടിക്കൽ OFM. Cap. മുഖ്യപ്രഭാഷണവും SFO പാലാ രൂപത ഡയറക്ടർ റവ. ഫാ. ആന്റണി വെച്ചൂർ OFM. Cap. അനുഗ്രഹപ്രഭാഷണവും നടത്തി. SFO പാലാ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു, പ്രവിത്താനം യൂണിറ്റ് പ്രസിഡന്റ് ടിജി ബേബി തറപ്പേൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സമ്മേളനത്തിൽ പ്രാഥമിക - നിത്യവ്രതവാഗ്ദാനസ്വീകരണവും അനുഷ്ഠാന കർമങ്ങളുടെ പ്രാർത്ഥനശുശ്രൂഷകളും നടത്തപ്പെട്ടു. തുടർന്ന് റീജിയൻ സമ്മേളനത്തിന് ആതിഥേയത്വം വഹിച്ച പ്രവിത്താനം യൂണിറ്റിന്റെ നേതൃത്വത്തിൽ സ്നേഹവിരുന്ന് നടന്നു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിങ്**

**1) ജനുവരി 7-ന് കൂടിയ ഡി.എഫ്.സി. രൂപത സമിതി തീരുമാനങ്ങൾ:**

(1) വിവിധ ഫൊറോന കൺവൻഷനുകളുടെ വരവുചെലവുകണക്കുകൾ യോഗം അംഗീകരിച്ചു. (2) ഡി.എഫ്.സി. പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന കമ്മിറ്റി നിർദേശപ്രകാരം ജനുവരിമാസത്തിൽ യൂണിറ്റ് ഭാരവാഹികളുടെയും ഫെബ്രുവരിമാസത്തിൽ ഫൊറോന ഭാരവാഹികളുടെയും തിരഞ്ഞെടുപ്പുകൾ പൂർത്തിയാക്കുവാൻ തീരുമാനിച്ചു. ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച രൂപതതലത്തിൽ ളാലം സെന്റ് മേരീസ് പാരിഷ്ഹാളിൽവച്ച് കൺവൻഷൻ നടത്തുന്നതിനും തീരുമാനമായി. (4) പ്രാരംഭനടപടിയായി സംസ്ഥാനപ്രസിഡന്റ് ശ്രീജോർജ് വടക്കേലിന്റെ നേതൃത്വത്തിലുള്ള സപ്ലിമെന്റ് കമ്മിറ്റിയും രൂപീകരിച്ചു പ്രവർത്തനം തുടങ്ങി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)




## JANUARY 2025

| | | |
|---|---|---|
| 2 | 10 am | ചൂണ്ടച്ചേരി എൻജിനീയറിങ് കോളജിൽ വെച്ച് നടന്ന മെറിറ്റ് ഡേ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 5 pm | പാലാ അരമനയിൽ നടന്ന ചങ്ങനാശ്ശേരി പ്രൊവിൻസിലെ മെത്രാന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. |
| 3 | 7.45 am | മട്ടാഞ്ചേരിയിൽ കൂനൻകുരിശുസത്യത്തിന്റെ വാർഷികത്തോടനുബന്ധിച്ചുള്ള എക്യുമെനിസം കമ്മീഷന്റെ നേതൃത്വത്തിലുള്ള മീറ്റിങ്ങിൽ പങ്കെടുത്തു. |
| 4 | | തലശ്ശേരി ഉദയഗിരി ഇടവകയിൽ ബഹുമാനപ്പെട്ട മൈക്കിൾ കിഴക്കേപ്പറമ്പിലച്ചന്റെ പ്രിയ പിതാവ് കുട്ടിച്ചേട്ടന്റെ മൃതസംസ്കാരശുശ്രൂഷാക്കർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| 5 | 7.45 am | മൂന്നാനി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 3.00 pm | എകെസിസിയുടെ നേതൃത്വത്തിൽ നടത്തിയ അടുക്കളത്തോട്ടം മത്സരത്തിലെ വിജയികൾക്കു സമ്മാനം നൽകി. |
| | 6.00 am | ദനഹാത്തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രലിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 6 -11 | | സിനഡിൽ പങ്കെടുത്തു. |
| 14 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 15-16 | | ആലുവ മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി. |
| 17 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 1.45 pm | ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂളിൽ ആനിവേഴ്സറി ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| | 5:30 pm | വെള്ളികുളം ഇടവകയിൽ പുതുതായി നിർമിച്ച കൊടിമരത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| 18 | | ഏഴാച്ചേരി ഇടവകയിൽ ഡീക്കൻ തോമസ് വട്ടമറ്റത്തിലിനു പൗരോഹിത്യപ്പട്ടം നൽകി. |
| | 3:30 pm | പറത്താനം ഇടവകയിൽ പുതിയപറമ്പിൽ ബഹുമാനപ്പെട്ട ജേക്കബച്ചന്റെ പ്രിയ മാതാവ് ത്രേസ്യാമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 4.30 pm | മലയിഞ്ചിപ്പാറ സ്കൂളിന്റെ ജൂബിലിസമാപന മീറ്റിംഗിൽ പങ്കെടുത്തു. |
| | 6:00 pm | കൊഴുവനാൽ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 19 | | കൊഴുവനാൽ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 5:30 pm | രാമപുരം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| 20 | | ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന ഇന്റർ ഡയോസിഷൻ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 3:30 pm | പ്ലാശനാൽ ഇടവകയിൽ ഈരൂരിക്കൽ ഇ.എം. ദേവസ്യയുടെ മൃതസംസ്കാരശുശ്രൂഷയിൽ പള്ളിയിലെ കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| 21 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | അരുവിത്തുറ ഇടവകയിൽ തുടിപ്പാറ സക്കറിയ സാറിന്റെ 100-ാം ജന്മദിനവാർഷികത്തോടനുബന്ധിച്ചുള്ള ആഘോഷത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 6.00 pm | തുടങ്ങാട് പള്ളിയുടെ പുതുക്കിപ്പണിത പള്ളിമുറിയുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| 22 | 7:30 am | ഏഴാച്ചേരിയിൽ ഇടവകയിൽ പുതുതായി നിർമിച്ച മോണ്ടളത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| | 11.00 am | കൂടല്ലൂർ ഇടവകയിൽ ഒഴുകയിൽ ലൂയിജിയുടെ നാലാമത്തെ മകനു മാമോദീസ നൽകി. |
| 23 | 10.00 am | തീക്കോയി സ്കൂളിന്റെ ജൂബിലി സമാപനമീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി. |

| | | |
|---|---|---|
| | 11:30 am | തിടനാട് ഇടവകയിൽ പാലാ ഹോം പ്രോജക്ടിന്റെ നേതൃത്വത്തിൽ നിർമിച്ച നാലു ഭവനങ്ങളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 6:00 pm | കെ.സി.ബി.സിയുടെ ആഹ്വാനപ്രകാരം കടുത്തുരുത്തിയിൽവച്ച് നടന്ന സഭൈക്യവാരത്തോടനുബന്ധിച്ച് സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ നടന്ന പ്രാർഥനാസംഗമത്തിനു പങ്കെടുത്തു. |
| 24 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | രാമപുരം ഹയർ സെക്കൻഡറി സ്കൂളിൽ ആനിവേഴ്സറി ഉദ്ഘാടനം ചെയ്യുന്നു. |
| 25 | | പാദുവാ ഇടവകയിൽ ബഹുമാനപ്പെട്ട സഖറിയാസ് തൊണ്ടംകുളം അച്ചന്റെ പൗരോഹിത്യ സിൽവർ ജൂബിലി കൃതജ്ഞതാബലിയിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 12:30 pm | ഭരണങ്ങാനം കാക്കൂളി മഠത്തിന്റെ ജൂബിലിസമാപന യോഗത്തിൽ സന്ദേശം നൽകി. |
| | 6:00 pm | ചക്കിക്കാവ് ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 26 | | അറക്കുളം പുത്തൻപള്ളിയുടെ പ്ലാറ്റിനം ജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 2:00 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന രൂപതാ സൺഡേ സ്കൂൾ വാർഷിക യോഗത്തിൽ പങ്കെടുത്തു. |
| 27 | | ചൂണ്ടച്ചേരി എൻജിനീയറിങ് കോളജും ചിറ്റിലപ്പള്ളി ഫൗണ്ടേഷനും ചേർന്നു നിർമിച്ച പത്തു വീടുകളുടെ താക്കോൽദാനകർമത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 28 | | മംഗലപ്പുഴ സെമിനാരിയുടെ നവീകരിച്ച ചാപ്പലിന്റെ വെഞ്ചിരപ്പുകർമത്തിൽ പങ്കെടുത്തു. |
| | 9:00 am | പെർമനന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | 2:00 pm | സീറോ മലബാർ ഹയർ എജ്യുക്കേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന മീറ്റിങ്ങിൽ പങ്കെടുത്തു. |
| 30 | | നീലൂർ ഇടവകയിൽ ബഹു. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ പ്രിയ പിതാവ് ശ്രീ ദേവസ്യാ വെള്ളമരുതുങ്കലിന്റെ സംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 4:30 pm | നവീകരിച്ച മേലുകാവുമറ്റം സെന്റ് തോമസ് പള്ളിയുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| 31 | 9:00 am | മെഡിസിറ്റിയിൽ ഒരു മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 2:00 pm | പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ 76-ാം വാർഷികം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 9.30 pm | പാലാ മെഡിസിറ്റി ഹോസ്പിറ്റലും പ്രവാസി അപ്പോസ്തലേറ്റും ചേർന്ന് തുടങ്ങുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനകർമം നിർവഹിച്ചു. |

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# കൊഴുവനാൽ പള്ളി















SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

പ്ലാറ്റിനം ജൂബിലി നിറവിൽ

75

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

പാലാ രൂപത

Printed at St.Thomas Press, Palai and Published by Fr. Mani Kozhuppankutty